# E-വഴിയിലൂടെ

# ഉള്ളടക്കം


| | | |
|---|---|---|
| 1. | തേന്മാവ് | 8 |
| 2. | മധുരമാർന്ന പൂക്കാലം | 11 |
| 3. | *പറ്റിക്കാൻ നോക്കണ്ട* | *12* |
| 4. | മൂന്നു അത്യാഗ്രഹികൾ | 13 |
| 5. | *കുഴപ്പം കണ്ണിന്...* | *15* |
| 6. | കൈ കൊണ്ടുള്ള പ്രവൃത്തികൾ നിൽക്കുമോ? | 17 |
| 7. | *ഒരു നല്ല കൃഷിക്കാരൻ* | *18* |
| 8. | *ജീവലോകത്തിന് കാവലാവുക* | *20* |
| 9. | *ഭൂമി* | *21* |
| 10. | *കാടെവിടെ മക്കളെ?* | *22* |
| 11. | *തേന്മാവ്* | *23* |
| 12. | *മലനാട്* | *27* |
| 13. | *പ്രകൃതി* | *28* |
| 14. | *ഒരു തൈ നടുമ്പോൾ* | *30* |
| 15. | *അവകാശി...* | *31* |
| 16. | *അമ്മ എന്ന യന്ത്രം* | *35* |
| 17. | *അനാഥ* | *36* |
| 18. | *ഇരുട്ടിലേക്ക് ഒരു വഴി* | *41* |
| 19. | *അമ്മയെന്ന യന്ത്രം* | *44* |
| 20. | *അത്ഭുത ദ്വീപിലേക്ക്...* | *45* |

| | | |
|---|---|---|
| 21. | *സത്യാഗ്രഹികൾക്കു നേരെ ലാത്തിച്ചാർജ് നേതാക്കന്മാർ അറസ്റ്റിൽ* | *47* |
| 22. | *വീണ പൂവ്* | *48* |
| 23. | *പ്രഭാത വർണ്ണന* | *49* |
| 24. | *വളപട്ടണം പുഴയിലൂടെ ഒരു യാത്ര* | *50* |
| 25. | *ദഫ് മുട്ട്* | *51* |
| 26. | *പ്രകൃതി സൗന്ദര്യം* | *52* |
| 27. | *മഞ്ഞിൽ പൊതിഞ്ഞ വയനാട്* | *53* |
| 28. | *സൗഹൃദം* | *54* |
| 29. | *സുന്ദര ഗ്രാമം* | *55* |
| 30. | എന്റെ ഗ്രാമം | 56 |
| 31. | എവിടെയെന്റെ ഗ്രാമം ? | 57 |
| 32. | ഓർമ്മയിലെ ഗ്രാമം | 58 |
| 33. | നിറതിങ്കളാം എൻഗ്രാമം | 59 |
| 34. | വിയർക്കാതെ നേടുന്ന ഭക്ഷണം | 60 |
| 35. | വരിക വരിക സഹജരേ | 61 |
| 36. | ഭാരതം | 62 |
| 37. | ക്വിറ്റ് ഇന്ത്യ സമരം | 63 |
| 38. | മഹാത്മാ ഗാന്ധി | 64 |
| 39. | ജീവിതം തന്നെ സന്ദേശം | 65 |
| 40. | മലമുകളിലെ ദേവി | 66 |
| 41. | വയനാടൻ പ്രദേശങ്ങൾ തേടി | 69 |
| 42. | ഭഗവാന്റെ തിരുസന്നിധിയിലേക്ക് | |

| | | |
|---|---|---|
| | ഒരു യാത്ര | 71 |
| 43. | പ്രകൃതി സുന്ദരമായ യാത്ര | 74 |
| 44. | ഓർമ്മയിൽ ബഷീർ | 77 |
| 45. | ബഷീറിന്റെ സൂപ്പർ സ്റ്റാർസ് | 84 |
| 46. | കത്തുകൾ | 86 |
| 47. | കാലത്തെ മറികടന്ന കഥാകാരൻ | 88 |
| 48. | *സ്നേഹനിധി* | *90* |
| 49. | കണ്ടകശനി | 92 |
| 50. | കരിനിഴൽ | 94 |
| 51. | ഓർമ്മകൾ | 97 |
| 52. | ഓർമ്മച്ചെപ്പ് | 99 |
| 53. | ഓർമ്മക്കുറിപ്പ് | 100 |
| 54. | വിദ്യാഭ്യാസം | 101 |
| 55. | ജീവചരിത്രം | 103 |
| 56. | ബഷീറിന്റെ ജനനം | 107 |
| 57. | സൗഭാഗ്യം | 110 |
| 58. | വേർപ്പാടിന്റെ നൊമ്പരം | 111 |
| 59. | ത്യാഗിയായ കറുമ്പനും മുത്തശ്ശിയും | 112 |

# ആമുഖം

വർത്തമാനകാലത്ത് വായന മരിച്ചിരിക്കുന്നു എന്ന മുറവിളി ഏറി വരികയാണ്.എന്നാൽ വായന, ലോകത്താകമാനം ഇ-വായനയിലേക്ക് ചുവട് മാറിയതും നാം അറിയേണ്ടതുണ്ട്. അത്തരം സാങ്കേതിക വിദ്യകളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുകയാണ്. വിവര സാങ്കേതിക വിദ്യയുടെ മുന്നേറ്റം വിദ്യാഭ്യാസ മേഖലകളിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകൾ ഹൈടെക്കുകളായി മാറുകയാണ്. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ പുതുതലമുറയിലെ കുട്ടികളുടെ സർഗാത്മകവും ധൈഷണികവുമായ സൃഷ്ടികളെ പ്രകാശിപ്പിക്കാനുള്ള ഒരു ഡിജിറ്റൽ മാഗസിൻ പ്രസക്തമാകുന്നത്. കുട്ടികളിലെ ആനിമേറ്റർമാരെയും പ്രോഗ്രാമർമാരെയും എന്നല്ല ഡിജിറ്റലായ എന്തിനെയും ആരെയും കണ്ടെത്തി അവർക്ക് സാങ്കേതിക വിദ്യയുടെ ഉന്നതങ്ങളിലേക്കുള്ള പടവുകൾ ചവിട്ടിക്കയറാനുള്ള വലിയൊരു മാർഗമാണ് ലിറ്റിൽ കൈറ്റ്സ് ഈ ഡിജിറ്റൽ മാഗസിനിലൂടെ വിഭാവനം ചെയ്യുന്നത്.

കമ്പിൽ മാപ്പിള ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരുക്കിയ "**ഇ വഴിയിലൂടെ** " എന്ന ഡിജിറ്റൽ മാഗസിൻ ഞങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു.

# സന്ദേശം



ശ്രീമതി.ശ്രീജ.പി.എസ്(ഹെഡ്മിസ്ട്രസ് കമ്പിൽ മാപ്പിള എച്ച് എസ് എസ്)

നല്ലൊരു വ്യക്തിക്കേ നല്ലൊരു സമൂഹത്തെ വാർത്തെടുക്കാനാവൂ. അത് തുടങ്ങുന്നത് നമ്മുടെ വീട്ടിലാണ്. അതിനെ പരിപോഷിപ്പിക്കാൻ ആണ് വിദ്യാലയങ്ങളുള്ളത്.

വിദ്യാർത്ഥികൾ തങ്ങളുടെ സർഗ്ഗപരമായ കഴിവുകൾ സാക്ഷ്യപ്പെടുത്തുന്നത് കയ്യെഴുത്ത് മാസിക യിലൂടെയാണ്. അതിലൂടെ എഴുത്തും വായനയും, നന്മയും ഊട്ടിയുറപ്പിക്കാൻ അവർക്ക് കഴിയുന്നു. കൂട്ടായ്മയുടെ ശക്തിയും, സൗന്ദര്യവും അതിലൂടെ കൈവരുന്നു.

ഇവിടെ സർഗപരതയും, ഡിജിറ്റലൈസേഷനും കൈകോർക്കുമ്പോൾ അത് ഈ കാലഘട്ടത്തിന്റെ ആവശ്യമാകുന്നു. അതുകൊണ്ട് ഈ പ്രവർത്തനം നിങ്ങളുടെ ഈ പ്രായത്തിന് ഉള്ള മുതൽക്കൂട്ടാകട്ടെ ഭാവിയിലും നിങ്ങൾക്ക് ഉപകാരപ്രദമാകട്ടെ....

# സന്ദേശം

നസീർ എൻ
(സീനിയർ അസിസ്റ്റന്റ്)

വിവര സാങ്കേതിക രംഗത്ത് കുതിച്ചു ചാട്ടം നടത്തുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇന്ന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലഘട്ടമാണ്. ഇത്തരം കാലഘട്ടത്തോടൊപ്പം ജീവിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ദൗത്യമാണ് ലിറ്റിൽ കൈറ്റ്സിനുള്ളത്. ഈ അവസരത്തിൽ ഇത്തരം ഡിജിറ്റൽ മാഗസിന്റെ സാദ്ധ്യതകൾ അനന്തവും ഗുണപരവുമാണ്. ഡിജിറ്റൽ മാഗസിന്റെ പിന്നിൽ വിശ്രമമില്ലാതെ പ്രവർത്തിച്ച എല്ലാവർക്കും എന്റെ വിജയാശംസകൾ

# തേന്മാവ്



5 സെന്റ് പുരയിടത്തിലാണ് രാമുവേട്ടനും കുടുംബവും താമസിച്ചിരുന്നത്. ഭാര്യയും ഒരു മകനും അടങ്ങുന്ന സകുടുംബം. വീടിന്റെ തെക്കേ അറ്റത്ത് രാമുവേട്ടൻ ഒരു തേന്മാവ് നട്ടിരുന്നു. രാമുവേട്ടൻ നട്ടുവെന്നല്ലാതെ അതിനെ പരിചരിച്ചിരുന്നത് രാമുവേട്ടന്റെ മകൻ അപ്പുവായിരുന്നു.
അപ്പു 3 ആം തരത്തിലാണ് പഠിക്കുന്നത്. എന്നും അപ്പു രാവിലേയും വൈകുന്നേരവും തന്റെ തേന്മാവിന് വെള്ളം നനയ്ക്കുമായിരുന്നു .അങ്ങനെ കുറെ ദിവസങ്ങൾ കഴിഞ്ഞുപോയി .ഇപ്പോൾ തേൻമാവ് അപ്പുവിനേക്കാൾ വലുതായി. അപ്പു ഇപ്പോൾ 5 ആം തരത്തിലാണ് പഠിക്കുന്നത്. അവൻ എഴുന്നേറ്റയുടൻ മാവിനടുത്തേക്കാണ്

ചെല്ലാറ്. അപ്പു എന്നും അതിന്റെ ചുവട്ടിലിരുന്നാണ് കളിക്കുന്നത്. അതിന്റ കൊമ്പത്ത് ഊഞ്ഞാൽ കെട്ടിയിരുന്നാണ് അവൻ ദിവസങ്ങൾ കഴിച്ചിരുന്നത്. അവൻ തന്റെ സ്കൂൾ ജിവിതമൊക്കെ തേൻമാവുമായി പങ്കുവയ്ക്കുമായിരുന്നു. പല വർഷങ്ങളും, മാസങ്ങളും, കൊഴിഞ്ഞു പോയി. അപ്പു ഇപ്പോൾ 9 ആം തരത്തിലാണ് പഠിക്കുന്നത്. എല്ലാവരുടെ മാവും പൂത്തു. അപ്പുവിന് തന്റെ മാവ് പൂക്കാത്തതിൽ വിഷമമായിരുന്നു. അവൻ എന്നും രാവിലെ തേൻമാവിന്റെ മധുരം നുണഞ്ഞ് കൊണ്ടായിരുന്നു എഴുന്നേറ്റിരുന്നത്.അങ്ങനെ ഒരു ദിവസം രാവിലെ അവൻ എഴുന്നേറ്റ് തന്റെ തേൻമാവിന്റെ ചുവട്ടിൽ പോയി തന്റെ മാവ് പൂത്തോ എന്ന് അവൻ സൂക്ഷിച്ച് നോക്കി അതാ ഒരു കൊമ്പ് നിറയെ പൂത്തിരിക്കുന്നു. അവന് സന്തോഷം പിടിച്ചു നിൽക്കാൻ വയ്യാതെ തേൻമാവിന് ഉമ്മ കൊടുക്കുകയും അതിനരികെ നിന്ന് തുള്ളിച്ചാടുവാനും തുടങ്ങി. അപ്പു ഈ വാർത്ത തന്റെ അമ്മയുടെ അടുത്തും അച്ഛന്റെ അടുത്തും എത്തിച്ചു. പിന്നീട് അങ്ങോട്ട് അവനെന്നും രാവിലെ തേൻ

മാവിൽ മാങ്ങയാവുന്നതും ആ മാങ്ങയുടെ മധുരം നുണഞ്ഞ്കൊണ്ടുമായിരുന്നു എഴുന്നേറ്റിരുന്നത്. അങ്ങനെ തേൻമാവിൽ മാങ്ങയാവുകയും അപ്പുവിന്റ അമ്മ പറിച്ച് പഴുപ്പിക്കവാനായി കരുതിവെച്ച് മാങ്ങ പഴുത്താലുണ്ടാകുന്നതായ മണം ആ വീടുമുഴുവനും പരന്നു.അപ്പുവിന് മാങ്ങ എത്ര തിന്നിട്ടും മതിവരുന്നേയില്ല. ദിവസങ്ങൾ കൊഴിഞ്ഞു പോകവേ മാങ്ങ സീസൺ അവസാനിച്ചു. അപ്പുവിന്റെ മാങ്ങക്കൊതി ഇനിയും അവസാനിച്ചിട്ടില്ല. അവൻ അടുത്ത മാങ്ങസീസണിനായി കരുതിയിരുന്നു. അവന്റെ കാത്തിരിപ്പിന് പക്ഷേ ഫലം ഉണ്ടായിരുന്നില്ല. അപ്പുവിന്റ പുതിയ വീടിന്റെ പണിക്കായി അപ്പുവിന്റെ അച്ഛൻ ആ തേൻമാവ് മുറിച്ചു.അപ്പു പുതിയ വീടിന്റെ പണി ഉടങ്ങിയതിനുള്ള സന്തോഷവും തേൻമാവ് മുറിച്ചതിനുള്ള ദുഃഖത്തിലും ആയി നിരാശനായി ഇരുന്നു.

# പറ്റിക്കാൻ നോക്കണ്ട



മഹാമണ്ടനാണ് കിട്ടു. ഒരുദിവസം കിട്ടു 10 രൂപ കൊടുത്ത് ഒരു ലോട്ടറിട്ടിക്കറ്റ് വാങ്ങി. നറുക്കെടുപ്പ് കഴിഞ്ഞ് ഫലം വന്നപ്പോൾ കിട്ടുവിന് സന്തോഷം അടക്കാൻ വയ്യാതായി. പതിനായിരം രൂപ സമ്മാനമായി അടിച്ചിട്ടുണ്ട്. കിട്ടു ലോട്ടറി ടിക്കറ്റുമായി നേരെ കടയിലെത്തി. കടക്കാരൻ നമ്പറെല്ലാം പരിശോധിച്ചു പറഞ്ഞു.

“നമ്പറൊക്കെ ശരിയെന്ന നികുതി കഴിഞ്ഞു 8000 രുപയുണ്ട് അത തരാം "ഓ പതിനായിരം രൂപ സമ്മാനമായി മേടിച്ചിട്ട് എണ്ണായിരം രൂപ തരാമെന്നൊ? എന്നെ പറ്റിക്കാനൊന്നും നോക്കണ്ട എനിക്ക് ഈ സമ്മാനവും വേണ്ട തന്റെ ടിക്കറ്റും വേണ്ട “മര്യാദിക്ക് എന്റെ പത്തു രൂപ തന്നേക്ക്...”കിട്ടുവിന്റെ മറുപടി കേട്ട് കടക്കാരൻ അന്തം വിട്ടു പോയി.

# മധുരമാർന്ന പൂക്കാലം



*വർണത്താൽ ചാലിച്ച ദീപങ്ങൾ പോലുള്ളിൽ*

*വിരിയുന്ന പൂക്കാല വർഷത്തിൽ നാം*

*വർണ വസന്തത്താൽ ലോകത്തിലെന്നെന്നും*

*വന്നു നിറയുന്ന പൂവിളികൾ*

*മൂളുന്ന പാടുന്ന വണ്ടുകൾ തുമ്പികൾ*

*വർണ നിറമുള്ള പൂമ്പാറ്റകൾ*

*തേൻകുടിച്ചീടുന്നു ഇന്നോളം എൻ വീട്ടിൻമുറ്റത്തെ*

*എൻ വസന്തത്തോപ്പിലായ്*

*പൂവായ് നിറയുന്ന എൻ വസന്തത്തോപ്പിൽ*

*എത്തുന്ന ആടുന്ന പാടിടുന്ന*

*പൂക്കാലം തിളങ്ങുന്ന എന്റെ പുതുവർഷങ്ങൾ*

*പൂവായ് നിറയുന്ന കളി മുറ്റമായി*

*എങ്ങെങ്ങും പൂക്കാലം വന്നു തലോടുമ്പോൾ*

*സ്നേഹത്തിൽ പൂന്നുള്ളി കോർക്കുന്നു നാം*

*എന്നെന്നും പൂക്കാലം വന്നു നിറയട്ടെ*

*എന്റെ കളിമുറ്റത്തിൽ ഇന്നോളവും.*




ഒരിടത്ത് മൂന്ന് മണ്ടൻമാരുണ്ടായിരുന്നു ഒന്നാമൻ അപ്പു , രണ്ടാമൻ രാജു , മൂന്നാമൻ മനു എന്നിവരാണ്. ഒരു ദിവസം അവർ മൂന്നുപേരും ജോലി തേടി വഴിയിലൂടെ നടന്നു പോകുമ്പോൾ ഒരു പെട്ടി നിറയെ സ്വർണം കണ്ടു. അത് കള്ളൻമാരിൽ നിന്നും വീണതായിരുന്നു .അവർ അത് എടുത്തു. പണത്തിന് ബുദ്ധിമുട്ടായ അവർ അത് മൂന്നു പേർക്കും വീതിച്ചെടുക്കാൻ തീരുമാനിച്ചു. അവർ അത് എടുത്ത് അടുത്ത താവളത്തിലേക്ക് നീങ്ങി. അപ്പോഴേക്കും അവർക്ക്

വിശപ്പ് അനഭവപ്പെട്ടിരുന്നു. അവർ ഒരു കാര്യം തീരുമാനിച്ചു അപ്പു പുറത്തു പോയി ഭക്ഷണം കൊണ്ടുവന്നതിനു ശേഷം വീതിച്ച് എടുക്കാമെന്ന് . രാജു വെള്ളമെടുക്കാൻ പോയി. മൂന്നാമനായ മനു ഇലപറിക്കാൻ പോയി മൂന്നു മണ്ടൻമാർക്കും മനസ്സിൽ ഒരു ബുദ്ധിതോന്നി ആ സ്വർണം ഒറ്റയ്ക്ക കൈക്കലാക്കാൻ വേണ്ടി അപ്പു ബാക്കി രണ്ടു പേരുടേയും ഭക്ഷണത്തിൽ വിഷംചേർത്തു രാജു ബാക്കി രണ്ടുപേർക്കും കുടിക്കാനുള്ള വെള്ളത്തിൽ വിഷം ചേർത്തു. മൂന്നാമനായ മനു രണ്ടുപേരുടേ യും ഇലകളിൽ വിഷം പുരട്ടി . അങ്ങനെ അവർ തമ്മിൽ ചെയ്ത മണ്ടത്തരം അറിയാതെ സ്വർണവും ഉപേക്ഷിച്ച് ഈ ലോകത്തിൽ നിന്ന് വിടപറഞ്ഞു.

# കുഴപ്പം കണ്ണിന്...



ഒരു ദിവസം വയറുവേദനയുമായി ഒരാൾ മു
ല്ലാനസുറുദ്ദീനെ കാണാനെത്തി  അയാൾ വലിയ
വായിൽ നിലവിളിക്കുന്നുണ്ടായിരുന്നു

മുല്ല ചോദിച്ചു;

'തനിക്കു വയറുവേദന

വരാൻ കാരണം താൻ

എന്തോ കഴിച്ചതാണ് എന്ന്'

അയാൾ പറഞ്ഞു;

'ശരിയാണ് ഞാൻ

മൂന്ന് ദിവസം പഴകിയ

ഭക്ഷണമാണ്

കഴിച്ചത്'

മുല്ല അകത്തുപോയി കുറച്ചു മരുന്ന് കൊണ്ടുവന്ന്

വയറുവേദനക്കാരന്റെ കണ്ണിലൊഴിച്ചു .

അയാൾ ചോദിച്ചു;

" എന്തിനാണ് മുല്ലക്കാ , വയറു വേദനയുള്ള

എനിക്ക് കണ്ണിൽ മരുന്നൊഴിച്ചത്. എനിക്ക്

കണ്ണിന് യാതൊരു അസുഖവുമില്ലാ "

മുല്ലാനസറുദ്ദീൻ പറഞ്ഞു;

" തന്റെ കണ്ണിനാണ് കുഴപ്പം .

കണ്ണിന് കുഴപ്പമുള്ളത് കൊണ്ടാണ്

പഴകിയ ഭക്ഷണത്തിലെ

വിഷാംശങ്ങൾ താൻ കാണാതെ

പോയത്...



# കൈ കൊണ്ടുള്ള പ്രവൃത്തികൾ നിൽക്കുമോ?

കൈ ജീവിതത്തിൽ ഏറ്റവും അനിവാര്യമായ ഒരു അവയവമാണ്. ജീവിതത്തെ കൊണ്ടുപോകുന്നതും ഈ അവയവം തന്നെ. പക്ഷെ ഏതു സാഹചര്യങ്ങളിലും നമ്മുക്ക് അത്യാവശ്യം ഇതാണ് .എന്നാൽ കൊലപാതകം, പീഡനം തുടങ്ങിയ പ്രവർത്തികൾ കൊണ്ടുള്ള ഒരു സവിശേഷഭാഗം ഇതാണ്. നമ്മുടെ പൂർവികർ തന്റെ കഴിവുകൾ വികസിപ്പിക്കുകയും, കൂടുതൽ മെച്ചപ്പെട്ട അവസര ങ്ങളിലാണ് . ഇന്നു കാണുന്ന സമൂഹം എന്നാൽ കഴിവിന്റെ അടിത്തട്ടിലുള്ള പല വിവേചനങ്ങളും, കള്ളത്തരങ്ങളും കാണിച്ച്,എല്ലാ കഴിവുകളും കളഞ്ഞ് രാഷ്ട്രത്തിന് ദോഷം വരുന്ന പ്രവർത്തികൾ ചെയ്ത് കൊണ്ടിരിക്കുന്നു. രാഷ്ട്രത്തിന്റെ മഹത്തായ പതാകയെയും മൗലികാവകാശങ്ങളെ യും ലംഘിച്ചും ഇന്നു സമൂഹത്തോട് ജനങ്ങൾ ക്രൂരതകാട്ടുന്നു, ഒരാളെ വേദനിപ്പിക്കണമെന്ന ഉദ്ദേശ ത്തോടെ നടക്കുന്നു. ഒരു കത്തിവെച്ചു കുത്തുന്നു. ഇതെല്ലാം ഒരു വ്യക്തി തന്റെ മൗലികാവകശങ്ങൾ ലംഘിച്ചു കൊണ്ടുള്ള പ്രവർത്തികളാണ്. എന്നാൽ ഇത്തരം പ്രവർത്തികൾ ചെയ്യുന്നത് അതിനെ സഹായിക്കുന്നത് ഈ അവയവം തന്നെ.

# ഒരു നല്ല കൃഷിക്കാരൻ

ഒരിടത്ത് ഒരു നല്ല കൃഷിക്കാരനണ്ടായിരുന്നു. അയാൾ ക ഷണിചെയ്താണ്. കുടുംബം പോറ്റിയിരുന്നത്. ഓരോ ദിവസവും കൂലിയായി കിട്ടിയിരുന്ന തുകയിൽ നിന്നും ഒരു നിശ്ചിത തുക മിച്ചം വച്ച് അയാൾ കുറച്ച് കൃഷിനിലം വാങ്ങി. അവിടെ നല്ലൊരു മുന്തിരിത്തോട്ടം വളർത്തിയെടുത്തു . കാലക്രമേണ അയാൾ വലിയ വലിയ  സമ്പന്നനായിമാറി . നാടിന്റെ നാനാ ഭാഗത്തു നിന്നും അളുകൾ മുന്തിരിവാങ്ങാൻ എത്തി. ധനികനായ അയാൾ  ധാരാളം ആളുകൾക്ക് ജോലി നൽകുകയും ചെയ്തു . അയാൾ കൂടുതൽ കൂട്ടതൽ തോട്ടങ്ങൾ വാങ്ങി. അയാൾക്ക് മൂന്നു ആൺമക്കളുണ്ടായിരുന്നു അവർ  മൂന്നു പേരും തന്നെ പോലെ കൃഷിക്കാരനായി തീരണമെന്ന് അയാൾ ആഗ്രഹിച്ചു എന്നാൽ മക്കൾ ആകട്ടെ തീർത്തും അലസൻമാരായി വളർന്നു . കാലം കുറെ കഴിഞ്ഞു. കൃഷിക്കാരൻ അവശനിലയിലായി . അയാൾ മക്കളെ വിളിച്ച് താൻ മരിക്കാനായെന്നും താൻ

***മക്കൾക്കായി ഒരു സ്വകാര്യ നിധി തോട്ടത്തിൽ കുഴിച്ചിട്ടുണ്ടെന്നും തന്റെ മരണശേഷം അത് മൂന്ന് പേരും കൂടി കുഴിച്ചെടിക്കണമെന്നും പറഞ്ഞ ശേഷം അയാൾ മരിച്ചു. നിധി അന്വേഷിച്ച് മക്കൾ തോട്ടം കിളച്ചു മറിച്ചു. നിലം ഇളക്കിയപ്പോൾ മുന്തിരി കൃഷി പുഷ്ടിപ്പെട്ടു. പിതാവ് പറഞ്ഞ നിധി അതായിരുന്നു വെന്നു അവർക്കു മനസ്സിലായി.***



# ജീവലോകത്തിന് കാവലാവുക

ഭൂമി മനുഷ്യന്റേതു മാത്രമല്ല. മറ്റ്ജീവജാലങ്ങൾക്കും നമ്മെ പ്പോലെ തന്നെ ഇവിടെ ജീവിക്കാൻ അവകാശമുണ്ട്. നാം ചെയ്യുന്ന ഓരോ പ്രവൃത്തി യും മറ്റ് ജീവജാലങ്ങളുടെയും മനുഷ്യരുടെയും സംരക്ഷണവും നിലനിൽപ്പും ഉറപ്പുവരു ത്തുന്ന താവണം. ഭൂമിയിലെ ഉൽപാദനത്തിന്റെ ഭൂരിഭാ ഗവും ഉപയോഗിക്കുന്നത് മനുഷ്യരിൽ ചെറിയ പങ്ക് മാത്രമാണ്.ഇല്ലാതാകുന്ന വനങ്ങൾ, കാലാവസ്ഥ വ്യതിയാനം, വർദ്ധിച്ചു വരുന്ന മാലിന്യപ്രശ്നങ്ങൾ, ദാരിദ്ര ത്തിൽ കഴിയേണ്ടി വരുന്ന മനുഷ്യർ,ഓസോൺ പാളിയു ടെ ശോഷണം, ആഗോള താപനം എന്നിങ്ങനെ നാം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്കും ഉത്തരവാദികൾ മനു ഷ്യർ മാത്രം. ഇന്ന് നിലവിലുള്ള ജീവജാലങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനൊപ്പം ഭാവിതലമുറകൾക്ക് ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള അവകാശം സംരക്ഷിക്കാൻ നമുക്ക് ഓരോരുത്തർക്കും ഉത്തരവാ ദിത്തമുണ്ട്.

# ഭൂമി

ക്രൂരതകാട്ടുന്നു,നമ്മളീ ഭൂമിയെ

തരിശിട്ട പാറയായ് മാറ്റിടുന്നു.

ഓർക്കണം നമ്മളീ ക്രൂരതകാട്ടുന്നവർ

നിധിയാണ് നമ്മൾക്കീ ഭൂമിയമ്മ.

പച്ചപ്പട്ടുവിരിച്ച പൂങ്കാവനം

നമ്മുടെ ഈ സുന്ദര ഭൂമി...

പാരമ്പര്യമായ് പകർന്നു നൽകിയ

വരദാനമാണിത്...

ചുറ്റോടുചുറ്റുമായ് വൃക്ഷങ്ങളുണ്ടിതിൽ

പച്ചവിരിപ്പിട്ട പാടങ്ങളുണ്ടിതിൽ

കരകവിഞ്ഞൊഴുകുന്ന പുഴയുണ്ട്

കുളമുണ്ട് കാലം മറക്കാത്ത ഭംഗിയുണ്ട്.

വരുവാനിരിക്കുന്ന തലമുറ കാണുവാൻ

കാത്തുസൂക്ഷിക്കുവിൻ ഇതിനെ നമ്മൾ

# കാടെവിടെ മക്കളെ?

**കാടെവിടെ മക്കളേ?**

**മേടെവിടെ മക്കളേ?**

**കാട്ടുപുൽത്തകിടിയുടെ**

**വേരെവിടെമക്കളേ?**

**കാട്ടുപൂഞ്ചോലയുടെ**

**കുളിരെവിടെ മക്കളേ?**

**പ്ലാവുകൾ – മാവുകളു**

**മെവിടെന്റെ മക്കളേ?**

**കുട്ടിക്കരിംകുയിൽ**

**കൂവിത്തിമർക്കുന്ന**

**കുട്ടനാടൻ പുഞ്ച**

**യെവിടെ മക്കളേ?**

**പായൽച്ചുരുൾ ചുറ്റി**

**ദാഹനീർ തേടാത്ത**

**കായലും തോടുകളു**

**മെവിടെന്റെ മക്കളേ?**

# തേന്മാവ്

അമ്മയും അമ്മൂമയും അടങ്ങുന്നതാണ് അപ്പുവിന്റെ കുടുംബം.അവന്റെ അച്ഛൻ എല്ലാവരെയും ഉപേക്ഷിച്ച് പോയതായിരുന്നു. അമ്മയാകട്ടെ അവരുടെ ദേഷ്യം അപ്പുവിനോടും അമ്മൂമ്മയോടും എപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. അപ്പോൾ അപ്പു ചിന്തിക്കും എന്റെ അച്ഛനെ എനിക്കൊന്ന് കാണാൻ കഴിഞ്ഞെങ്കിൽ. ഇതൊക്കെയോർത്ത് അവന്റെ കുഞ്ഞ് മനസ് നൊന്തു. ഒരിക്കൽ സ്കൂളിൽ നിന്ന് പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് അപ്പുവിന് തൈമാവ് കിട്ടി. ടീച്ചർ പറഞ്ഞു. എല്ലാവരും വീട്ടിൽ പോയി ചെടി നടണമെന്ന്. അപ്പു വീട്ടിൽ പോയി ചെടിനട്ടു. വെള്ളവും വളവും നൽകി അതിനെ പരി

ചരിച്ചു.പൊന്നു എന്ന് പേരും വിളിച്ചു. എന്നും സ്കൂളിൽ നിന്ന് വന്നപാടെ അപ്പു ഓടിയെത്തുന്നത് പൊന്നുവിന്റെ അടുത്തേക്കായിരുന്നു. അവൻ അവന്റെ സ്വപ്നങ്ങളും സ്കൂൾ അനുഭവങ്ങളും എല്ലാം പൊന്നുമായി പങ്ക് വെച്ചു. ഇതൊക്കെ കാണുമ്പോൾ അപ്പുവിന്റെ അമ്മ അവനെ പരിഹസിക്കുമായിരുന്നു. അതൊന്നും അവൻ കാര്യമാക്കിയില്ല. അങ്ങനെ കുറേ നാൾ കടന്നുപോയി. അപ്പുവിന്റെ പൊന്നുവിന്ന് ഒരു പാട് ഉയരങ്ങളിലെത്തി. ആളുകൾക്ക് തണൽ നൽകിയും, ശുദ്ധവായു നൽകിയും വൻമരമായി മാറി. ദിവസവും കുട്ടികൾ അതിന്റെ ചുവട്ടിൽ മാമ്പഴം പെറുക്കാൻ ഓടി വരും. അങ്ങനെയിരിക്കെ ഒരു ദിവസം അപ്പുവിന്റെ അമ്മ ആ വൻമരം മുറിക്കാൻ ആൾക്കാറുമായെത്തി. എന്നാൽ അപ്പുവും ആ മരത്തിന്റെ

തണലിൽ കളിക്കുന്ന കുട്ടികളും മരം മുറിക്കു ന്നതു തടയാൻ ശ്രമിച്ചു. എല്ലാവരും മരത്തിനുചു റ്റും കൈകോർത്ത് നിന്നു. മരം വെട്ടാൻ വന്നവർ തിരികെപോയി. അപ്പോൾ പൊന്നു ഓർത്തു. അപ്പുവിന് എന്റെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞു. ഭാഗ്യം!പക്ഷേ അത് പൊന്നുവിന്റെ എന്നേയ്ക്കു മായുള്ള രക്ഷയായിരുന്നില്ല. അപ്പുവിന്റെ അമ്മൂ മ്മ സുഖമില്ലാതെ കിടപ്പിലായി.ദിവസങ്ങൾ കഴിയുന്നതിനുമുമ്പുതന്നെ അവരുടെ മരണവും സംഭവിച്ചു. അപ്പോൾ അവിടെ നിൽക്കുന്ന ഒരാൾ ചോദിച്ചു. കൈയിൽ പണമില്ലാതെ നിങ്ങൾ എങ്ങനെ ചടങ്ങുകൾ നടത്തും. നമുക്കീ മരം വെട്ടിയാലോ? അപ്പുവിന്റെ സമ്മതം കൂ ടാതെ അവർ മരംമുറിച്ചു. ഇതുകണ്ടുനിന്ന അപ്പു പൊട്ടികരഞ്ഞു. ഒരു നിമിഷം കൊണ്ട് എനിക്കു

തണലായുള്ളവർ എന്നെവിട്ടു പോയി. അമ്മ പറ ഞ്ഞു. മോനേ നീ കരയാതിരിക്ക്. എല്ലാം അമ്മ യുടെ തെറ്റാണ്. നീ അന്ന് മരം നട്ടുവളർത്തു മ്പോഴെല്ലാം ഞാൻ നിന്നെ കളിയാക്കി. എന്നാൽ നമുക്ക് അവസാനനിമിഷത്തിൽ സഹായമായി എത്തിയത് നിന്റെ കഴിവല്ലേ? മോനേ ഭൂമിയിൽ പിറന്ന ഓരോത്തർക്കും മരണമുണ്ട്. അത്രയും നാൾ നാം ജീവിച്ചു തീർക്കുക എന്നതാണ് നമ്മു ടെ കർത്തവ്യം. നീ നിന്റെ കൊച്ചു പ്രായത്തിനിടയിൽ എത്രയോ നല്ല കാര്യങ്ങൾ ചെയ്തു. ഇനി ഞാൻ നിന്നെ ഓർത്ത് വിഷമിക്കു ന്നതെന്തിന്?

# മലനാട്

കുന്നും മലയും നിറഞ്ഞ നാട്

നമ്മുടെ മലയാള നാട്

അമ്മയുടെനാട് മലയാള നാട്

പൂക്കളും മരങ്ങളും നിറഞ്ഞ നാട്

എങ്ങുനോക്കിയാലും പച്ചപ്പുകൾ മാത്രം

നമ്മുടെനേർക്ക് തലയാട്ടുന്നു.

കലകളും കവിതകളും നിറഞ്ഞ നാട്

മഹാകവികളുടെ ജന്മനാട്

ഈ ഭൂമിയിൽ ജീവിക്കുവാൻ കഴിയുക

ഭാഗ്യമത്രവേറെയില്ലയാർക്കും.

# പ്രകൃതി

ഒരു ദിവസം ഒരിടത്ത് അപ്പു എന്നൊരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടി അത്ഭുതപ്പെടുത്തുന്ന കാഴ്ച്ചകൾ നോക്കിനിൽക്കുന്ന കുട്ടിയായിരുന്നു. അങ്ങനെയിരിക്കെ അപ്പു സ്കൂളിലേക്ക് നടന്ന് പോകുകയായിരുന്നു. അപ്പോഴാണ് അതി മനോഹരമായ കാഴ്ച്ച അവന്റെ ശ്രദ്ധയിൽപ്പെട്ടത്. അപ്പു അതിൽ തന്നെ നോക്കിനിൽക്കുന്നതിനിടയിൽ സ്കൂളിലെ ബെല്ലടിച്ചതൊന്നും അറിഞ്ഞില്ല. അവൻ സ്കൂളിലെത്തുമ്പോഴേക്കും ക്ലാസ് തുടങ്ങിയിരുന്നു. ടീച്ചർ അപ്പുവിനോട് ചോദിച്ചപ്പോഴാണ് അപ്പു മറുപടി പറഞ്ഞത്. വഴിവക്കിലെ പ്രകൃതി മനോഹരമായ കാഴ്ച്ചയിൽ മുഴുകിനിന്നു പോയതുകൊണ്ടാണ് സമയം

വൈകിയതാണ്. മനോഹരമായ പുഴകൾ, നദികൾ, പ്രകൃതി മനോഹരമായ മരങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, എന്നിങ്ങനെ പ്രകൃതി മനോഹരമായ കാഴ്ച്ചകളിൽ മുഴുകിപോയതു കൊണ്ടാണെന്നു പറഞ്ഞപ്പോൾ ടീച്ചർ അപ്പു വിനെ ക്ലാസിൽ കയറ്റി. കാരണം പ്രകൃതിയെ കുറിച്ചുള്ള കുട്ടിയുടെ വിവരണത്തെ കുറിച്ച് ടീച്ചർ മനസ്സിലാക്കി.

# ഒരു തൈ നടുമ്പോൾ

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
നടു നിവർക്കാതൊരു
കുളിർ നിഴൽ നടുന്നു
പകലുറക്കത്തിനൊരു
മലർവിരി നടുന്നു
ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു
മണ്ണിലും വിണ്ണിന്റെ
മാറിലെച്ചാന്തു തൊ -
ട്ടഞ്ജന മിടുന്നു.
ഒരു വസന്തത്തിനു
വളർപന്തൽ കെട്ടുവാ -
നൊരുക്കാൻ നടുന്നു.
ഒരു തൈ നടുമ്പോൾ,
പല തൈ നടുന്നു,
പല തണൽ നടുന്നു.

# അവകാശി...



രാജപുരം കൊട്ടാരത്തിലെ രാജാവായിരുന്നു ശ്രീ ബുദ്ധൻ അദ്ദേഹം വിവാഹം കഴിച്ചു മൂന്ന് ഭാര്യമാർക്കും 3 വീരനായ പുത്രന്മാർ ജനിച്ചു. മൂത്ത പുത്രന്റെ പേര് സമ്പത്ത് എന്നും രണ്ടാമത്തെ പുത്രന്റെ പേര് ശക്തി എന്നും മൂന്നാമത്തെ പുത്രന്റെ പേര് ധനം എന്നും ആയിരുന്നു. രാജാവിന് ആദ്യപുത്രൻ ഉണ്ടാകുമ്പോൾ രാജഗുരു പറഞ്ഞു ആ പുത്രൻ ജനിച്ചപ്പോഴാണ് രാജാവിന് കൂടുതൽ

സമ്പത്ത് ഉണ്ടായത് അതുകൊണ്ട് സമ്പത്ത് എന്ന പേര് വിളിക്കണം. അതുപോലെ രണ്ടാമത്തെ പുത്രൻ ജനിച്ചപ്പോൾ താങ്കൾക്ക് കുറച്ച് അധികം ശക്തിയുണ്ടായി അതുകൊണ്ട് പുത്രന് ശക്തി എന്നും മൂന്നാമത്തെ പുത്രനെ ധനം എന്നും പേരു വിളിച്ചു. കാലം കുറെ കടന്നുപോയി. രാജാവിന് ഒരു മാറാരോഗം പിടിപെട്ടു ആ സമയം രാജഗുരു പ്രവചിച്ചു. രാജാവിൻറെ ഈ അസുഖം ഭേദമാകണമെങ്കിൽ നമ്മുടെ അയൽ രാജ്യങ്ങളിൽ കണ്ടുവരുന്ന ഒരുതരം ഔഷധസസ്യം കൊണ്ടുവരണം. ഇക്കാര്യം തന്റെ 3 പുത്രന്മാരെയും അറിയിച്ചു അറിയിച്ചപ്പോൾ അവർ അതിനെ കാര്യമാക്കി എടുത്തില്ല .ഒടുവിൽ അസുഖം കൂടിക്കൂടി വന്നപ്പോൾ ആരും തന്റെ

കാര്യത്തിൽ താല്പര്യം കാണിക്കുന്നില്ല എന്ന് കണ്ട രാജാവ്  അസുഖം ഭേദമാകാൻ ഒരു ബുദ്ധി ഉപയോഗിച്ചു. ആ സസ്യം കൊണ്ടുവരുന്ന ആളെ അടുത്ത അവകാശിയാക്കാമെന്ന് അദ്ദേഹം പറഞ്ഞു. അതുകേട്ട ഉടനെ പുത്രന്മാർ രാജാവിനോട് യാത്ര പറഞ്ഞു പോയി. പിന്നീട് കാലം കുറെ കടന്നുപോയി മൂന്ന് പുത്രന്മാരും മൂന്നു തരത്തിലുള്ള ഔഷധസസ്യങ്ങൾ കൊണ്ടുവന്നു. ഇതിൽ ഏതു സസ്യമാണെന്നറിയാതെ രാജാവിന് സംശയമായി രാജാവ് മഹർഷിയോട് ചോദിച്ചു. മഹർഷി പറഞ്ഞു ഇത്രയും കാലം ഗുരുകുലം പഠിച്ചിട്ടും ഇങ്ങനെയുള്ള ഒരു ഔഷധച്ചെടിയും കണ്ടിട്ടില്ല. ഇതുകേട്ട് കോപിതനായ സമ്പത്ത് താൻ കൊണ്ടുവന്ന

സസ്യം ഒഴികെ മറ്റുള്ളവ നശിപ്പിച്ചു കളഞ്ഞു. എന്നിട്ട് പിതാവിനോട് ഇതാണ് ഔഷധച്ചെടി എന്നും ഇത് ദയവുചെയ്ത് ഭക്ഷിക്കണം എന്നും പറഞ്ഞു. ഈ സമയം രാജാവിന്റെ അടുത്തേക്ക് ഒരു ഭടൻ വന്നു താൻ കൊണ്ടുവന്നതാണ് ഔഷധസസ്യം എന്നും ഇതാണ് രാജാവ് ഭക്ഷിക്കേണ്ടത് എന്നും പറഞ്ഞു. എല്ലാം കൊണ്ടും അസ്വ സ്ഥനായ രാജാവ് അയൽ രാജ്യത്തെ മഹർഷിയോട് അന്വേഷിച്ചു ഭടൻ കൊണ്ടുവന്നതാണ് ഔഷധസസ്യം എന്ന് തിരിച്ചറിഞ്ഞ രാജാവ് താൻ പറഞ്ഞ വാക്കുപാലിച്ചു. ഭടന് രാജ്യം ഭരിക്കാനുള്ള അവകാശം കൊടുത്തു.

# അമ്മ എന്ന യന്ത്രം




അതിരാവിലെ ഉണരുന്ന
അമ്മയെന്ന യന്ത്രം
ജോലിയെല്ലാം യന്ത്രമുപയോഗിച്ച്-
അമ്മ ചെയ്തുതീർക്കുന്നു.
അമ്മയുടെ ജീവിതം
യന്ത്രത്തിന്മേൽ
യന്ത്രം ഇല്ലെങ്കിൽ അമ്മയില്ല.
എത്ര വേഗത്തിൽ അമ്മയെന്ന
യന്ത്രം ജോലി ചെയ്യുന്നു.
ജോലിചെയ്യാൻ അമ്മയെ
സഹായിക്കുന്ന യന്ത്രം
യന്ത്രം ഇല്ലെങ്കിൽ അമ്മ ജോലി ചെയ്യില്ല.
യന്ത്രമാണ് അമ്മയുടെ ജീവിതം.
അതിരാവിലെ ഉണരുന്ന അമ്മയെന്ന യന്ത്രം
ജോലിയെല്ലാം യന്ത്രം ഉപയോഗിച്ച
അമ്മ ചെയ്തു തീർക്കുന്നു.

# അനാഥ



'ഉണ്ണി എഴുന്നേൽക്കൂ...'

അമ്മിണി ചേട്ടത്തി തട്ടി. കണ്ണുതുറന്നു നോക്കുമ്പോൾ കാണുന്ന കാഴ്ച ആകെയൊരു മൂറിയേയുള്ളൂ അതിൽ നിറയെ സ്ത്രീകൾ. ചിലർ കരയുന്നു ചിലർ കുശലം പറയുന്നു. എന്തെന്നറിയാതെ ഞാൻ അവർക്കിടയിൽ കൂടി നടന്നു പുറത്തെത്തി പുറത്തുനിറയെ ആളുകളുണ്ടല്ലോ എന്തായിത് .?ഇതുവരെ എൻറെ വീട്ടുമുറ്റത്ത് ഇങ്ങനെയൊരു കാഴ്ച ഞാൻ കണ്ടിട്ടില്ല .അല്ല ഈ അമ്മ എവിടെ പോയി? ഇത്രയും ആളുകൾ വന്ന് അവിടെ നിൽക്കുമ്പോൾ അമ്മയെവിടെ അമ്മയെ ഉണ്ണി വീടിന് ചുറ്റും നടന്നു പക്ഷേ അമ്മയെ കണ്ടില്ല. പെട്ടെന്ന് ഒരു ശബ്ദം ആംബുലൻസ് വരുന്നു. ഉണ്ണിയുടെ വീടിനെ ലക്ഷ്യമാക്കി ആളുകളെല്ലാം

പുറത്തെത്തി. എന്തെന്നറിയാതെ ഉണ്ണി നിൽക്കുന്നു. അമ്മിണി ചേട്ടത്തി അവന്റെ അടുത്ത് ചെന്ന് നിന്നു. ആംബുലൻസ് നിന്നും രണ്ടുപേർ ഒരു തുണിക്കെട്ട് വീടിനു മുന്നിൽ വച്ചു അമ്മിണി ചേട്ടത്തി കരയുന്നു അവർ എന്നെയും കൂട്ടി ആ പൊതിക്കെട്ടിനു സമീപത്ത് എത്തി എല്ലാവരും എന്നെ നോക്കി ദയനീയമായി നിൽക്കുന്നു. എന്തായിത് കടക്കാരൻ കുമാരേട്ടൻ വെള്ളത്തുണിയുടെ ഒരറ്റം നീക്കി .ഒരു നിമിഷം അവൻ എന്തെന്നറിയാതെ നിന്നു. അമ്മയെ എന്താ ഇങ്ങനെ അമ്മയ്ക്ക് എന്തുപറ്റി? എനിക്കൊന്നും മനസ്സിലാവുന്നില്ല അമ്മിണി ചേട്ടത്തിനരികത്തു കൊണ്ടുപോയി പിന്നെന്തു നടന്നെന്നറിയില്ല .തീ കൊളുത്താൻ പറഞ്ഞു കൊളുത്തി...! മുന്നിൽ ആകുന്നതിനു മുൻപേ ആളുകൾ എല്ലാം പോയി. വീട്ടിനു മുന്നിൽ ഞാൻ മാത്രമായി. കുറച്ചു കഴിഞ്ഞപ്പോൾ അമ്മിണി ചേട്ടത്തി ഒരു പൊതിച്ചോറുമായി എത്തി. തന്റെ അമ്മ തന്നെ വിട്ടു

പോയെന്നവർ ഉണ്ണിയോട് പറഞ്ഞു. പക്ഷേ അവൻ കരഞ്ഞില്ല അവന് കരയാൻ കഴിഞ്ഞില്ല. ആ വീടും അവനും തനിച്ചായെന്നവനും മനസ്സിലായി. ദിവസങ്ങൾ കഴിഞ്ഞുവെങ്കിലും അമ്മയില്ലാത്ത ആ വീട്ടിൽ തനിച്ച നിൽക്കാനാവാനായില്ല. ആരോടും പറയാതെ അവൻ നാട്ടുവിട്ടു. 'ഒരു പാട് ദൂരം നടന്നു 'ഇനി എവിടെയെങ്കിലും ഒന്നിരിക്കണം ഞാൻ എത്തിയിരിക്കുന്നത് ആരോട് ചോദിക്കും? പെട്ടെന്ന് അതുവഴി ഒരു വൃദ്ധൻ നടന്നുവന്നു അയാൾ ഉണ്ണിയോട് വിവരങ്ങളെല്ലാം അന്വേഷിച്ചു. അങ്ങനെ സ്വന്തം മകനെ പോലെ ഉണ്ണിയെ അയാൾ നോക്കി. അയാൾ ഒരു കച്ചവടക്കാരൻ ആണ് ഉണ്ണിയും ആ ജോലിയിൽ പങ്കുചേർന്നു ഇന്നവൻ പഴയ ഉണ്ണിയല്ല കാലങ്ങൾ ഒരുപാട് പോയി ഉണ്ണി വളർന്നു പട്ടണത്തിൽ അറിയപ്പെടുന്ന ഹോട്ടൽ മുതലാളിയായി. വായിച്ചൊരിയുന്ന പണം ഓരോ സ്ഥലങ്ങളിലായി പലതരത്തിലുള്ള ഷോപ്പുകൾ വാഹനങ്ങൾ. ഒരു

ദിവസം അവൻ ഭക്ഷണം കഴിച്ച കിടക്കാൻ നോക്കുമ്പോൾ മനസ്സിൽ തൻറെ അമ്മയുടെ രൂപം തെളിഞ്ഞു ഉണ്ണി എൻറെ പൊന്നു മോനെ നീ എന്താ ഈ അമ്മയെ മറന്നു..! ഞാൻ നിന്നെ കാത്തിരിക്കുകയാണ് നമ്മുടെ വീട്ടിൽ മോനെ നീ വരുമോ അവിടേക്ക്? ഒട്ടും മടിക്കാതെ തന്നെ അവൻ ആ രാത്രിയിൽ തന്നെ നാട്ടിലേക്ക് യാത്ര നേരം പുലരുന്നതിനു മുമ്പേ അവനവിടെയെത്തി. അവൻ മനസ്സിൽ ഓർത്തു ഈ ഗ്രാമത്തിനൊരു മാറ്റവും ഇല്ല എല്ലാം പഴയതുപോലെ തന്നെ വണ്ടിയുടെ ശബ്ദത്തിൽ എല്ലാവരും പുറത്തെത്തി. ആർക്കും ഉണ്ണിയെ മനസ്സിലായില്ല അവൻ എല്ലാരോടും താൻ ഉണ്ണിയാണെന്നും നടന്ന കാര്യങ്ങളും പറഞ്ഞു. എല്ലാവർക്കും സന്തോഷമായി. അമ്മ പോയപ്പോൾ അമ്മയുടെ സ്ഥാനത്ത് നിന്നു തന്നെ നോക്കിയ ചേട്ടത്തിയുടെ വീട്ടിലെത്തി ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ വീട് അവൻ അകത്തു കയറി ഒരു മൂലയിൽ ആകെ തളർന്ന അമ്മിണി ചേട്ടത്തി ഉണ്ണി അവരുടെ

കാലിൽ തൊട്ടു മണങ്ങി അവർ പതിയെ കണ്ണുതുറന്നു ഉണ്ണിയെ കണ്ടപ്പോൾ അവർക്ക് സന്തോഷമായി. ഒരു പുതുജീവൻ കിട്ടിയതുപോലെ നടന്നതെല്ലാം ഉണ്ണി പറഞ്ഞു. ചേട്ടത്തി പതിയെ സംസാരിക്കാൻ തുടങ്ങി മോനേ ഉണ്ണി, ഇനി നീ എവിടെയും പോകരുത് നിന്നെ ഞാൻ എന്റെ മകനായിട്ടാണ് കാണുന്നത്. നീ ഇനി എന്നെ വിട്ടു പോകരുത് മോനെ. ഇല്ല ചേട്ടത്തി ഞാൻ ഇനി ഇവിടെത്തന്നെ ഉണ്ടാകും പിന്നെ ഇന്നുമുതൽ ചേട്ടത്തി എൻറെ അമ്മയാണ് എൻറെ അമ്മ എൻറെ സ്വന്തം അമ്മ സ്വന്തം അമ്മയുടെ സ്നേഹത്തിൽ അവൻ അവരോടൊപ്പം സുഖമായി കഴിഞ്ഞു. സങ്കടത്തിന്റെ ആഴക്കടൽ ആയിരുന്ന ഉണ്ണി ഇന്ന് സന്തോഷത്തിന്റെ ആഴക്കടലിലായിരുന്നു.

# ഇരുട്ടിലേക്ക് ഒരു വഴി

ഒരു തണൽ മരത്തിൽ ചുവട്ടിൽ നിന്ന് മുത്തച്ഛൻ ചിന്തിക്കുകയായിരുന്നു. പെട്ടെന്ന് സ്കൂൾ കുട്ടികൾ വന്നിറങ്ങിയ ശബ്ദം കോലാഹലങ്ങൾ. മുത്തച്ഛൻ പെട്ടെന്ന് എഴുന്നേറ്റു നോക്കി. വാർഡനും അന്തേവാസികളും കുട്ടികളെ സ്വാഗതം ചെയ്തു. കുട്ടികളുടെ കയ്യിൽ അന്തേവാസികൾ ഭക്ഷണം സോപ്പ് മിഠായികൾ പഴങ്ങൾ ഒക്കെ ഉണ്ടായിരുന്നു. മുത്തച്ഛൻ നോട്ടം കൂട്ടങ്ങളിലേക്കാണ് പെട്ടെന്ന് ഒരു കുട്ടി വർണ്ണക്കടലാസിൽ പൊതിഞ്ഞൊരു മുട്ടായി എടുത്തു മുത്തച്ഛ എന്ന് വിളിച്ച പെട്ടെന്ന് മുത്തച്ഛൻറെ കണ്ണുകൾ നിറഞ്ഞു. കുട്ടിയുടെ കയ്യിൽ പിടിച്ച മുത്തച്ഛൻ ചോദിച്ച സ്വപ്നത്തിൽ നിന്നും ഞെട്ടിയ പോലെ അദ്ദേഹത്തിൻറെ കൈകൾ കുട്ടിയുടെ കൈകളിൽ

നിന്ന് പിൻവാങ്ങി കുറെ നേരം കുട്ടി അദ്ദേഹത്തെ നോക്കി അപ്പോൾ കുട്ടിയെ ആരോ വിളിച്ച ഉടനെ കുട്ടി അദ്ദേഹത്തിന്റെ കയ്യിൽ മിട്ടായി കൊടുത്തു. അദ്ദേഹം കയ്യിൽ കിട്ടിയ മിട്ടായി ഒതുക്കിപ്പിടിച്ച് അന്തേവാസികളുടെയും കുട്ടികളുടെയും ഇടയിൽ കൂടി നടന്നു അദ്ദേഹത്തിൻറെ മുറിയിലേക്ക് കയറിച്ചെന്നു. അദ്ദേഹം വാതിൽ തുറന്നു. അപ്പോഴേക്കും വെളിച്ചം ഇരുട്ടിനെ കീഴടക്കി മുറിയിൽ കയറി അടുത്തുള്ള ചാരുകസേരയിൽ ഇരുന്നു കണ്ണടയ്ക്കുമ്പോൾ മുത്തച്ഛാ എന്ന് വിളിച്ച് ഓടിവരുന്ന ഉണ്ണിക്കുട്ടനെ ആണ് ഓർമ്മ വന്നത് പെട്ടെന്ന് ആരോ വാതിൽ വന്ന മുട്ടിപ്പറഞ്ഞു മുത്തച്ഛാ നിങ്ങളെ കാണാൻ ആരോ വന്നിരിക്കുന്നു. വാർഡൻ പിൻവാങ്ങി പോകാനിരിക്കെ തിരിഞ്ഞു നോക്കി മുത്തച്ഛന്റെ അടുത്ത് പോയി വിളിച്ച പക്ഷേ ഉണർന്നില്ല ശ്വസനം നോക്കിയപ്പോൾ നിശ്ചലം തീർന്ന എല്ലാവരും അറിഞ്ഞു

മക്കളും മരുമക്കളും ബന്ധുമിത്രക്കളും എത്തി മകളുടെ കൂട്ടക്കരച്ചിലിനിയുടെ ആരോ പറഞ്ഞു യഥാർത്ഥത്തിൽ അദ്ദേഹം മരിച്ചത് ഇന്നായിരുന്നില്ലേ? നാലു വർഷങ്ങൾക്കു മുമ്പേ മക്കൾ ഇവിടെ കൊണ്ട് വിട്ട അന്ന് ഇദ്ദേഹം മരിച്ചിരുന്നു. മതിൽക്കെട്ടിനുള്ളിൽ എത്ര മുത്തശ്ശിമുത്തച്ഛന്മാർ?? ഓരോ ദിവസവും കഴിയുന്തോറും സംഖ്യകൾ കൂടുന്നു. വയസ്സാകുമ്പോൾ ആരും സ്നേഹിക്കാൻ ഇല്ലാതെ ഒറ്റപ്പെടുന്നു. അങ്ങനെ ആർക്കും വേണ്ടാത്ത ജീവിതം മുന്നോട്ടു നയിക്കുന്നു.

# അമ്മയെന്ന യന്ത്രം

അമ്മയെ നമുക്കു മീ ദൈവത്തിനു മുമ്പിൽ....

അമ്മയാണ് നമ്മുടെ വീടിനു വിളക്ക്.....

കോഴി കൂവുന്നതിനു മുമ്പു ഉണരും ...

യന്ത്രങ്ങൾ പോലെ പണിതുടരും....

നമുക്ക് ഈ ദൈവത്തെ......

ഈ പാഴ് ജീവിതത്തിൽ നമുക്കുമീ ദൈവത്തെ.....

നിങ്ങളിൽ ഓരോരുത്തരും യന്ത്രത്തെപ്പോലെ പണി ചെയ്യും...

ആത്മാവിനെ നമുക്കുമീ ജന്മത്തിൽ

വേറെ പുണ്യമില്ല പരാതികൾ ഒന്നും

പറഞ്ഞിടാതെ അവർ സന്തോഷം മാത്രം....

പങ്കിടുന്നു ഓർക്കാൻ പല സങ്കടങ്ങൾ ഉണ്ടെങ്കിലും..

കളിയും ചിരിയുമായി നടന്നിടുന്നു നമിക്കുമീ.....

ജന്മത്തിൽ ഈ ദൈവത്തെ നമിക്കുമീ.....

ജന്മത്തിൽ മഹാത്മാവിനെ....

# അത്ഭുത ദ്വീപിലേക്ക്...



ലക്ഷദ്വീപിലേക്ക് ഒരു യാത്രച്ചെയ്യാനാണ് തീരുമാനിച്ചത്. മാപ്പിളപ്പാട്ടിന് വളരെയേറെ പ്രാധാന്യം നൽകുന്നതും വ്യത്യസ്ഥ നിറഞ്ഞ ഭാഷകൾ .ഉൾക്കൊള്ളുന്നതുമായ ഒരു മനോഹരനാടാണ് ലക്ഷദ്വീപ്. മനോഹാരിത നിറഞ്ഞ ആനാട്ടിലേ ക്കാണ് ഞങ്ങളുടെ യാത്ര എന്നറിഞ്ഞപ്പോൾ ഞാൻ വളരയേറെ സന്തോഷിച്ച .കൂടാതെ ആദ്യമായെന്റെ കപ്പൽ യാത്രകൂടിയാണിത് . കൊച്ചിതുറമുഖത്താണ് ഞങ്ങളുടെ യാത്രയുടെ ആരംഭം.ഉപ്പയും, ഉമ്മയും, ഏട്ടനും, ഇളയ സഹോദരിയും, മാജിയുമാണ് യാത്രയിൽ എന്റെ കൂടെ ഉണ്ടായിരുന്നത്. കപ്പലിൽ നിന്ന് നോക്കിയാൽ ചുറ്റും പച്ചവിരിച്ച മലകളും,

തെങ്ങിൻ തോപ്പുകളും,സുന്ദരമായ മത്സ്യങ്ങളും എനിക്ക് മറക്കാനാവാത്ത കാഴ്ച്ചയാണ്. പകൽ മാത്രമല്ല ഞാൻ അവിടെ ചിലവഴിച്ചത് സുന്ദരമായ ഒരു രാത്രിയും കപ്പലിലായിരുന്നു. എന്റെ യാത്രസമ യത്തിന്റെ വേഗത കൂടുകയാണ് അതോടൊപ്പം തന്നെ തണുപ്പിന്റെ ശക്തിയും കൂടുകയാണ്. രാത്രിയായതു കാരണം കടൽ നോക്കാൻ ഉപ്പ സമ്മതിച്ചില്ല. ദ്വീപ് എത്താറായി. സമുദ്രത്താൽ ചുറ്റപ്പെട്ട ഭാഗത്താണ് ഞാൻ ഇപ്പോൾ നിൽക്കുന്നത് എന്നോർത്തപ്പോൾ എനിക്ക് വിശ്വസിക്കാനായില്ല. ഒരു മാസത്തെ രസ കരമായ അനുഭവമാണ് ഇന്നെനിക്കോർക്കാനുള്ളത്.

# സത്യാഗ്രഹികൾക്കു നേരെ ലാത്തിച്ചാർജ്

# നേതാക്കന്മാർ അറസ്റ്റിൽ

**കോഴിക്കോട് :** ഗാന്ധിജിയുടെ ആഹ്വാനമുൾക്കൊണ്ട് കോഴിക്കോട് കടപ്പുറത്തെത്തി ഉപ്പ് നിയമം ലംഘിച്ച് ലാത്തിചാർജ് നടത്തി.പ്രധാനനേതാക്കളെല്ലാം സംഭവ സ്ഥലത്ത് വച്ച് തന്നെ അറസ്റ്റിലായി. വാറണ്ടില്ലാതെ അറസ്റ്റിന് വഴങ്ങില്ലെന്ന് ശഠിച്ച കൃഷ്ണസ്വാമി അയ്യരെ മണ്ണിലൂടെ വലിച്ചഴിച്ച് കൊണ്ടുപ്പോയി. സമരനേതാക്കളോട് ജാഥപിരിച്ചുവിടാൻ പോലീസ് ആവശ്യപ്പെട്ടു. എന്നാൽ ലക്ഷ്യം നിറവേറ്റാതെ പിൻമാറില്ലെന്നുറച്ച നേതാക്കൾ ഉപ്പുകുറുക്കാൻ ആരംഭിച്ചു. ഇതേ തുടർന്ന പോലീസ് സൂപ്രണ്ട് ബാക്ലിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം സത്യാഗ്രഹികൾക്കുനേരെ ആക്രമണമഴിച്ചു വിടുകയായിരുന്ന ചെയ്തത്.

# വീണ പൂവ്

അല്ലയോ പുഷ്പമേ ഉന്നത പതവിയിൽ രാജ്ഞിയെ പോലെ നീ എത്ര കാലം ശോഭിച്ചിരുന്നു. ഭൂമിയിൽ ഐശ്യര്യം അസ്ഥിരമാണെന്ന കാര്യം അസംശയമാണ് നിന്റെ കിടപ്പ കണ്ടാൽ ആർക്കും മനസ്സിലാകും നിന്റെ ഐശ്വര്യം ഇപ്പോൾ എങ്ങോട്ട് പോയി ലാളിച്ച പെറ്റ ലത ബാല്യത്തിൽ നിന്നെ തളിരിൽ വച്ച പാലിച്ച എന്നാൽ നിന്നെ തൊട്ടിലേറ്റി ഇലകളുടെ മർമ്മര ശബ്ദം നിനക്കു താരാട്ടു പാട്ടായി പാലുപോലുള്ള പുതു നിലവിൽ നീ കളിച്ചും ഇളം വെയിൽ കളിയാടിയും നീ മൊട്ടുകളോടൊപ്പം കളിയിൽ ഏർപ്പെട്ട് ബാല്യം കഴിച്ച കാലത്തെ എഴുന്നേറ്റ് പാട്ടു പാടുന്ന കിളികളോടൊപ്പം നീ മൗനമായി ശിരസ്സാടി രാത്രിയിൽ ഉറങ്ങാതെ കിടക്കുന്ന നക്ഷത്രങ്ങളോടൊപ്പം നീ ലോക തത്വം പഠിച്ച പിന്നെ നീ വളർന്നു നിന്റെ അവയവങ്ങളൊക്കെ പ്രത്യേക ഭംഗി കൈവന്നു കവിൾ ഭംഗിയുള്ളതായി അതിൽ പുതിയ പുഞ്ചിരി പടർന്നു അഴക് ശുദ്ധി മൃദുത്വം ശോഭ സൗരല്യം സൗകുമാരഗുണം എല്ലാത്തിനും ഉപമായിരുന്നു. നീ നിന്റെ മൃദുമെയ്യിൽ യൗവനവും സൗന്ദര്യവും നിറഞ്ഞുനിൽക്കുന്ന കാണേണ്ടതായിരുന്നു ഒരു സന്യാസി ആവട്ടെ അല്ലെങ്കിൽ ശത്രുവിനെ പേടിച്ചോടിയ ഭീരുവാകട്ടെ നേരെ വിടർന്നു നിൽക്കുന്ന നിന്നെ നോക്കി നിൽക്കും.


# പ്രഭാത വർണ്ണന

മഞ്ഞതെച്ചി പൂങ്കുലപോലെ മനോഹാരിത വിടരുന്നതാണ് പുലർകാലം. കുന്നിൻ മുകളിൽ ദേവന്റെ സ്വർണത്തിൽ നിർമ്മിച്ച കിരീടം സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങി. സ്വർണ്ണ കൊടിമരമുകളിൽ  മനോഹരമായ കൊടി ഇളം കാറ്റിൽ പാറി. നീലക്കാടുകൾ ആകുന്ന മഞ്ഞണിഞ്ഞ മലമുകളിൽ പ്രഭാതകന്യക കനക രശ്മികൾ കൊണ്ടു കണി വെക്കുന്നു. അദൃശ്യ ശരീരികളായ കാനന ദേവതമാർ കലയുടെ വീണ കമ്പികൾ മീട്ടുന്നതുപോലെ കളകള ശബ്ദത്തിൽ നദി ഒഴുകി. ഇളം വെയിലിൽ മഞ്ഞിന്റെ  കണികകൾ മരങ്ങളിൽ ഓല മർമ്മരമൊരുക്കി.സൂര്യന്റെ സുവർണ്ണ രശ്മികൾ കടന്നു വന്നപ്പോൾ പ്രകൃതി ഉറക്കം വിട്ട് ഉണർന്നു.

# വളപട്ടണം പുഴയിലൂടെ ഒരു യാത്ര

വളപട്ടണം പുഴ ഒരു വിശാലമായ പുഴയാണ്. കാട്ടാമ്പള്ളി നിന്നാണ് ഞങ്ങൾ യാത്ര ആരംഭിച്ചത്. ഞാനും ഉപ്പയും, ഉമ്മയും ഇക്കാക്കയും കൂടിയാണ് പോയത്. ഒരു കടത്തു തോണിയിലാണ് ഞങ്ങൾ യാത്ര പുറപ്പെട്ടത്. പുഴയുടെ അരികിലൊക്കെ ധാരാളം കണ്ടൽ വൃക്ഷങ്ങൾ ആ കാടുകുഴികളിൽ കുറുക്കൻമാരും നായകളും ഏറെയുണ്ട്. ഞങ്ങൾ ആദ്യം കണ്ടത് കുട്ടികളുടെ കളിത്തൊട്ടിലായ കൈരളി റിസോട്ട് ആണ്. അതിന്റെ അടുത്തായി തന്നെ ഒരു ബാറും ഉണ്ട്.

# ദഫ് മുട്ട്



കേരളത്തിലെ മുസ്ലിം സമുദായം അവതരിപ്പിക്കുന്ന കലകളിൽ ഒന്നാണ് ദഫ് മുട്ട് എന്ന പേരുള്ള തുകൽ വാദ്യം. കൊട്ടിപ്പാടുകയും ശാരീരിക ചലനങ്ങളിലൂടെ ഭാവങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്ന ഒരു കലാരൂപം ആണിത്. ഇവയിൽ പ്രധാനമായും പാടുന്നത് അറബി ഗീതങ്ങൾ ആണ്. വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും സ്മരണ കൊണ്ടാടുന്ന നേർച്ച എന്ന ആചാരത്തിന്റെ ഭാഗമായി അരങ്ങേറുന്ന ദഫ്മുട്ട് ഒരനുഷ്ഠാനകലയാണ്.

# പ്രകൃതി സൗന്ദര്യം

പ്രകൃതിയേ... നിന്നെ കാണാനെന്ത് ഭംഗി
എന്നുമെൻ മനതാരിൽ,
നീയൊരു സ്വർഗസുന്ദരി
നിൻ മടിയിലായി പുഴകളും വയലുകളും,
തലയുയർത്തി നിൽക്കുന്ന കുന്നുകളും...
പച്ചപ്പുകളും നീലാകാശവുമായി,
എൻ പ്രപഞ്ചത്തിനു ഭംഗി ഏറുന്നു.
നിൻ ഹരിതാഭമാം സൗന്ദര്യം
എൻ പ്രപഞ്ചഭംഗിക്കു മുന്നിൽ മറ്റെന്തുണ്ട്?
ഭംഗിയേറിയ പ്രപഞ്ചമേ...
ഞാനിതാ നിനക്ക് മുന്നിൽ കാത്തിരിക്കവേ...
നന്മയിലേക്കു വെളിച്ചം പരത്തുന്ന
എൻ പ്രപഞ്ചമേ...
നിൻ ഭംഗിയിന്നെന്നെ നിന്നിലേക്കടുപ്പിക്കവേ...
എൻ പ്രിയ പ്രകൃതിയേ...
നീയെത്ര സുന്ദരി...

# മഞ്ഞിൽ പൊതിഞ്ഞ വയനാട്


ആ സൂര്യനസ്തമിച്ചത് പുതിയൊരു പ്രഭാതത്തിലേക്കായിരുന്നു. ഞങ്ങൾ ഒരു യാത്രക്കൊരുങ്ങുകയാണ്. മഞ്ഞ് പൊതിഞ്ഞ മലകൾക്കിടയിൽ വയലികളും കുന്നുകളും വനങ്ങളും തിലകക്കുറികളായി ചരിത്രസ്മാരകങ്ങളും തടാകങ്ങളും ഇതിനിടയിൽ തനിമ മാറാത്ത ഗ്രാമങ്ങളും. സഞ്ചാരികൾക്ക് എന്നും പുതുമ നിറഞ്ഞ കാഴ്ചകൾ സമ്മാനിക്കുന്ന സുന്ദരയിടമാണ് വയനാട്. യാത്രകൾ നമുക്ക് സന്തോഷം നൽകുന്നു. ഞാൻ സ്കൂളിൽ നിന്ന് ഒരു യാത്ര പോയി. കൂട്ടുകാരുടെയും അധ്യാപകരുടേയും കൂടെ. ഞങ്ങൾ ആദ്യം എത്തിയത് അമ്പലവയൽ ഫാമിലായിരുന്നു. അവിടെ നിറയെ പല വർണത്തിലും നിറത്തിലുമുള്ള പൂക്കളായിരുന്നു ഞങ്ങളെ സ്വാഗതം ചെയ്തത്. ഈ യാത്ര വളരെ മനോഹരമായിരുന്നു.

# സൗഹൃദം

അഞ്ച് പുഷ്പമായി വിരിഞ്ഞും നാം
ഒരു ചെടിയിൽ നിന്നും
മഴത്തുള്ളികൾ മിഴിയിൽ പതിച്ചപ്പോളും
ഒന്നിച്ചുണരാൻ ശ്രമിച്ചു നമ്മൾ
ഇതളായി വിരിഞ്ഞു നാം ഒരു ദിനത്തിൽ
ഒരു ചെറുപുഞ്ചിരിയോടെ
സൂര്യന്റെ തീവ്രരശ്മികൾ ഏൽക്കുമ്പോഴും
ഒന്നിച്ചിരിന്നു നാം തളരാതെ
പിരിയാൻ സമയമായി എന്നോതിയിടുന്നു
കാലമാം രാക്ഷസൻ നമ്മെ നോക്കി

# സുന്ദര ഗ്രാമം

എന്തു സുന്ദരമാണ് ഗ്രാമം.
എന്റെ സ്വന്തം നാട്.
കുന്നുകളും, മലകളും നിറഞ്ഞ നാട്
എന്റെ സ്വന്തം നാട്.
പച്ചപട്ട് സാരി വിരിച്ച വയലുകൾ
എന്റെ സ്വന്തം നാട്.
കാടുകളും, പുഴകളും നിറഞ്ഞ നാട്
എന്റെ സ്വന്തം നാട്.
തോടുകളും, കുളങ്ങളും നിറഞ്ഞ നാട്
എന്റെ സ്വന്തം നാട്
എന്റെ സ്വന്തം നാട്.



# എന്റെ ഗ്രാമം

എന്റെ ഗ്രാമം കൊച്ചുസുന്ദര ഗ്രാമം
വയലുകളാൽ നിറഞ്ഞുനിൽക്കും
സുന്ദരമീഗ്രാമം
കണ്ടാലാരും കൊതിച്ചുപോകുമെന്റെ ഗ്രാമം
അങ്ങകലെ നോക്കിയാൽ കാണുന്ന
അമ്പലം
മുത്തപ്പദൈവത്തിൻ സന്നിധാനം
ഉത്സാഹത്തിമിർപ്പിൽ അതിരുകളില്ലാതെ
കെട്ടിയാടുന്നതിൻ തെയ്യകോലങ്ങളാൽ
നിറഞ്ഞ ഗ്രാമം
വിദ്യനുകരുവാൻ ചൊല്ലിപ്പഠിച്ചൊരു
വിദ്യാലയവുമുണ്ടെന്റെ  ഗ്രാമത്തിൽ
ഇനി ഈ ദൈവവും,വിദ്യയും,ഗ്രാമവും
ഒരിക്കലും മറക്കുകയില്ലീ നാടും നാട്ടു
കാരും എന്റെ കൊച്ചു ഗ്രാമവും.

# എവിടെയെന്റെ ഗ്രാമം ?

പണ്ട് മനസ്സിന്റെ കോണിൽ പതിയെ ചിരിക്കുന്ന എൻ ഗ്രാമമെവിടെ? ഗ്രാമത്തിൽ സൗന്ദര്യമെവിടെ. കാറ്റിനോടും പുഴകളോടും കിളികളോടും മാമരങ്ങളോടും കൊച്ചു പുൽച്ചാടികളോടും ചോദിച്ചു.

എൻ ഗ്രാമത്തിലെ മാൻപേടക്കുഞ്ഞിന്റെയും പച്ചപുൽപ്പാടത്തിന്റെയും ചിത്രം മനസ്സിൽ നിറതിങ്കൾ പോലെ എന്നും മരിക്കാതെ ഉദിച്ചു നിൽക്കും.

# ഓർമ്മയിലെ ഗ്രാമം

കളകളമിളകും തോടുകളും ചിരിച്ചു പെയ്യും മാമഴയും നെൽക്കതിരുകളുടെ ചാഞ്ചാട്ടവും കുത്തിയൊലിക്കുന്നൊരു കുളവും ആ കുളത്തിൻ തീരത്തിരുന്ന് എൻ ഗ്രാമത്തെ നേരിൽ കണ്ടു. കുളത്തിൻ കരയിലിരുന്ന് രോഷരോദനം പൊഴിക്കുമാമണ്ഡുകത്തെ ഞാൻ കണ്ടു. തോടുകളുടെ നിലം പറ്റിക്കിടക്കുന്ന മീനുകളോട് ഞാൻ കുശലം പറഞ്ഞു. റോഡിലൂടെ ചീറിപ്പായുന്ന വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചു. ഗ്രാമം പുരോഗതിയിലേക്ക് നടക്കുന്നു. എന്റെ ഗ്രാമം, എന്റെ ഗ്രാമം നാഗരികത പരക്കുന്ന എന്റെ ഗ്രാമം...

# നിറതിങ്കളാം എൻഗ്രാമം

പ്രകൃതിയുടെ കോണിൽ പതിയെ ചിരിക്കുന്ന
മൗനിയാണെന്നും എൻ ഗ്രാമം
വിരിഞ്ഞ് കൊഴിഞ്ഞുപോകുന്ന ഒരു
പൂമൊട്ടാണെൻ ഗ്രാമം.
എൻഗ്രാമത്തിൻ സൗന്ദര്യം കാണാൻ
മഴയും കാറ്റും ദേശാടനപക്ഷികളും വരുമെന്ന്
എൻ മനസ്സ് പറഞ്ഞീടുന്നു.
അതിനായി ഞാൻ എന്നും പടിവാതിൽ
തുറന്നുവയ്ക്കാം. ഇമ ചിമ്മാതെ
കാത്തുനിൽക്കാം. കാതോർത്ത്
കാത്തിരിക്കാം.
ഭൂമിദേവിക്ക് ഉടുക്കാൻ ദേവൻ നൽകിയ
ചിത്രപടങ്ങളുള്ള ഹരിതാഭമാം നെൽപാടങ്ങളും
തളിരുകളാം നെൽക്കതിരുകളും
എൻ ഗ്രാമത്തിൻ സൗന്ദര്യം വർദ്ധിപ്പിക്കുന്നു.
നെൽപാടങ്ങളിൽ കൃഷിവര്യന്മാർ
കൊയ്യുമെതിക്കും നെല്ലെല്ലാം.
അവരുടെ അധ്വാനത്തിൽ ഫലമെല്ലോ
തുള്ളിച്ചാടി കളിച്ചു രസിക്കുന്ന
കുട്ടികൾ തൻ ആഘോഷത്തിൽ
പങ്കുചേരുകയാണെൻ ഗ്രാമം..

# വിയർക്കാതെ നേടുന്ന ഭക്ഷണം

1948 ജനുവരി 13 ന് ഗാന്ധിജി ഒരു ഉപവാസം ആരംഭിച്ചു.സാമുദായികം നിലനിർത്താനായിരുന്നു അത്.ജനുവരി 18 ന് നാല് ഓറഞ്ച് കഴിച്ചാണ് അദ്ദേഹം ഉപവാസം അവസാനിപ്പിച്ചത്.ഉടൻ തന്നെ അദ്ദേഹം തന്റെ അനുയായികളോട് നൂൽ നൂൽക്കുന്ന ചർക്ക എടുക്കാൻ ആവശ്യപ്പെട്ടു. ഒരാഴ്ചത്തെ പട്ടിണി മൂലം അവശനായ ഗാന്ധിജിക്ക് ചർക്ക തിരിക്കാൻ പോലും ശക്തി ഇല്ലായിരുന്നു.ഡോക്ടർമാരും അനുയായികളും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. പക്ഷെ, വിറക്കുന്ന കൈകളുമായി അദ്ദേഹം പറഞ്ഞു; "അധ്വാനിക്കാതെ നേടുന്ന ഭക്ഷണം മോഷ്ടിക്കപ്പെടുന്ന ഭക്ഷണമാണ്. ഞാനിപ്പോൾ ഭക്ഷണം കഴിക്കാൻ ആരംഭിച്ചിരിക്കുന്നു. അതിനാൽ എനിക്ക് പണിയെടുക്കണം.’’

# വരിക വരിക സഹജരേ

വരിക വരിക സഹജരേ...

സഹന സമര സമയമായ്...
കരളുറച്ചു കൈകൾ കോർത്ത്
കാൽ നടയ്ക്ക് പോക നാം
ബ്രിട്ടനെ തുരത്തുവിൻ
ചട്ടമൊക്കെ മാറ്റുവിൻ

ദുഷ്ട നീതി വിഷ്ട പത്തി-
ലൊട്ടുമേ ജയിച്ചിടാൻ

എത്ര നാളടിമയായ്-
ക്കിടക്കണം സഖാക്കളെ
പുത്ര പൗത്രരാരേലും
സ്വതന്ത്രരായ് വരേണ്ടയോ?
ഭതഭയം ചരിക്കനാം
ഗരുഡ തുല്യവേഗരായ്
സഹഗമിക്ക സഹഗമിക്ക
സഹഗമിക്ക ധീരരേ...

# ഭാരതം

ഉണരുണരൂ ഭാരതം ഭാസുരമാം ഭാരതം
ആർഷഭാരതത്തിൽ മക്കളെ ഉണരുണരൂ
ഭാരതം ഭാരതം ഭാരതം
നമുക്ക് സ്വാതന്ത്ര്യം നേടിത്തന്ന രാഷ്ട്രപിതാവ്
കേരളമാം ജനതയുടെ ഗാന്ധിജിയല്ലോ
വടിയും കുത്തി നടപ്പല്ലോ
നമ്മുടെ ഗാന്ധിജി അപ്പൂപ്പൻ
പട്ടിണി കിടന്നും പണി ചെയ്തും
സ്വാതന്ത്ര്യം നേടിത്തന്ന
നമ്മുടെ ഗാന്ധിജി അപ്പൂപ്പൻ

# ക്വിറ്റ് ഇന്ത്യ സമരം

1942 ജനവരി 31 ന് മുംബൈയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് ക്വിറ്റ് ഇന്ത്യ പ്രമേയം പാസ്സാക്കിയത്. ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന മുദ്രാവാക്യം രാജ്യം മുഴവൻ ആഞ്ഞടിച്ചു. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്നമഹാത്മജിയുടെ സന്ദേശം ജനങ്ങളിൽ ആവേശത്തിന്റെ അലകൾ സ്രഷ്ടിച്ചു. ഓഗസ്റ്റ് 9 ന് ഗാന്ധിജി അടക്കമുള്ള നേതാക്കൻമാരെ അറസ്റ്റ് ചെയ്തു.ഗാന്ധിജിയെയും സഹധർമിണി കസ്തൂർബയെയും പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലാണ് പാർപ്പിച്ചിരുന്നത്. കസ്തൂർബ അവിടെ വെച്ച് തന്നെ മരണപ്പെട്ടു. കൊട്ടാര മുറ്റത്ത് തന്നെ ശവസംസ്കരണം നടത്തുകയും ചെയ്തു.

# മഹാത്മാ ഗാന്ധി

ഇന്ത്യയുടെ രാഷ്ട്ര പിതാവും യുഗസ്രഷ്ടാവുമായ മോഹൻ ദാസ് കരംചന്ദ് ഗാന്ധി 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്തറിൽ ഒരു ലബ നിയ കുടുംബത്തിൽ ജനിച്ചു. ഇംഗ്ലണ്ടിൽ നിയമം പഠിച്ച്, ദക്ഷിണാഫ്രിക്കയിലെ ഒരു ഇന്ത്യൻ സ്ഥാപനത്തിൽ ജോലി സ്വീകരിച്ചു. ടോൾസ്റ്റോ യിയുടെ സഹനസമരം എന്ന തത്ത്വം ഗാന്ധിജി പ്രാവർത്തികമാക്കി. ശ്രീബുദ്ധനും യേശുക്രിസ്തുവും ഗാന്ധിജിയെ സ്വാധീനിച്ചിട്ടുള്ളതായി കാണാം. അഹിംസാപരമായി എന്തും സഹിക്കുക തിരിച്ചടി ക്കാതിരിക്കുക. ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാ രുടെ അവകാശങ്ങൾക്കായി വാദിച്ച ഗാന്ധിജി 1906 ൽ ആദ്യമായി തന്റെ അക്രമരഹിത പ്രതി രോധമായ സത്യാഗ്രഹം പ്രയോഗിച്ചു.

# ജീവിതം തന്നെ സന്ദേശം

ഇന്ന് അധിക ആളുകളും പറയുന്നതും പ്രവർത്തിക്കുന്നതും രണ്ട് തരത്തിലാകുന്നു. സത്യമേ പറയാവൂ എന്ന് പ്രസംഗിക്കുന്നവൻ സൗകര്യം കിട്ടുമ്പോൾ കളവ് പറയുന്നു. മദ്യ വർജ്ജനം ഉപേക്ഷിക്കുന്നവർ രാത്രിയിൽ ആരും അറിയാതെ കുടിക്കുന്നു. ഇത് കാപട്യമാണ്. സ്വയം വഞ്ചനയാണ്. പ്രസംഗിക്കുന്നത് പോലെ പ്രവർത്തിക്കുന്നവന്റെ ജീവിതം തന്നെയാണ് അവന്റെ സന്ദേശം. ആ മാതൃകാ വ്യക്തിയിൽ നിന്നും നമുക്ക് വേണ്ട സന്ദേശം കണ്ടെത്താനാകും. എന്റെ ജീവിതമാണെന്റെ സന്ദേശം എന്ന് പ്രഖ്യാപിച്ച മഹാത്മഗാന്ധിയെ നമുക്ക് ജീവിതത്തിൽ മുഴുവൻ അനുസ്മരിക്കാം, ആ മാർഗ്ഗത്തിലൂടെ മുന്നോട്ട് നീങ്ങാം.

# മലമുകളിലെ ദേവി

ആ ദിവസം എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. ഞാൻ കർണ്ണാടകയിലേക്ക് ഒരു യാത്ര പുറപ്പെട്ടു. എന്റെ കൂടെ എന്റെ വീട്ടുകാരും ഉണ്ടാ യിരുന്നു. ഞങ്ങൾ ട്രെയിനിലാണ് പോയത് ജനാ ലയ്ക്കരികിലിരുന്നത് കൊണ്ട് ധാരാളം കാഴ്ചകൾ കാണാൻ സാധിച്ച ആ യാത്ര ഒത്തിരി നേരം തുടർന്നു കൊണ്ടേയിരുന്നു സന്തോഷത്തിന്റെ ലോകത്ത് ഇരിക്കുന്ന എന്നെ വിളിച്ച് സങ്കടത്തിന്റെ ലോകത്തേക്ക് തള്ളിവിട്ട മറ്റൊന്നുണ്ട്. രണ്ട് പിഞ്ചുബാലൻമാർ യാചിച്ച് കാശുനേടുന്നു. ചിലർ കൊടുക്കുന്നു, ചിലർ കണ്ടില്ലെന്ന ഭാവം നടിക്കുന്നു. ഇതെന്റെ മനസ്സിനെ ആകെ തളർത്തി. പിന്നീട് എന്നെ രസിപ്പിച്ച ഒത്തിരികാഴ്ചകളും മറ്റും കണ്ടപ്പോൾ ആ ദു:ഖംതാനെ എന്റെ മനസ്സിൽ നിന്നും പോയി.

ഒടുവിൽ ട്രെയിൻ യാത്ര കഴിഞ്ഞ് ബസ്സ് യാത്രയായി. ട്രെയിൻ യാത്രയെക്കാളും എനിക്ക് ബസ്സ് യാത്രയാണ് ഇഷ്ടപ്പെട്ടത്. എന്നെ ഒത്തിരി ഒത്തിരി രസിപ്പിച്ച മറ്റൊന്നുണ്ട് അവിടത്തെ സ്ഥ ലപ്പേരുകൾ അതെന്റെ മനസിനെ വല്ലാതെ ആക ർഷിച്ചു. കുംട്ട, സിർസി തുടങ്ങിയ ധാരളം സ്ഥ ലപ്പേരുകൾ കേൾക്കാൻ നല്ല രസമാണ് ഞങ്ങൾ സഞ്ചരിച്ചുക്കൊണ്ടിരിക്കുന്ന ബസ്സ് ഒരു വലിയ കുന്നു കയറുകയാണ് . പെട്ടെന്നാണത് സംഭവി ച്ചത്. ഞങ്ങളുടെ ബസ്സിന്റെ മുന്നിൽ പോകുന്ന ബ സ്സിനുമേൽ ഒരു വലിയ മരം വീണു. കുറെ പേർക്കു പരിക്കു പറ്റി. രാത്രിയായതിനാൽ ആ ബസ്സ് പെട്ടന്ന് മാറ്റാൻ കഴിഞ്ഞില്ല അതിനാൽ അന്നത്തെ രാത്രി ബസ്സിൽ കഴിച്ചു കൂട്ടി പിറ്റേന്നു രാവിലെ ബസുമാറ്റിയതിനുശേഷം നമ്മൾ വീണ്ടും യാത്ര തുടർന്നു. അവസാനം ഞങ്ങളുടെ ലക്ഷസ്ഥാനമായ ചണ്ഡികാവനത്തിലെ ചണ്ഡി കാദേവി ക്ഷേത്രത്തിലെത്തി. ക്ഷേത്രത്തിൽ

നിന്നു തന്നെ ഉച്ചഭക്ഷണം കിട്ടി. ചണ്ഡി കാദേവിക്ഷേത്രം നിർമ്മിച്ച ഒരു നമ്പൂതിരിയുടെ പ്രതിമ അവിടെ നിന്നും കുറച്ചകലെ പോയാൽ കാണുമെന്ന് ഒരാൾ ഞങ്ങളോട് പറഞ്ഞു. പിന്നീടുള്ള യാത്രയുടെ ലക്ഷ്യം ആ നമ്പൂതിരിയുടെ പ്രതിമയായിരുന്നു.അങ്ങനെ ഞങ്ങൾ ആ പ്രതിമ കാണാൻ പുറപ്പെട്ടു. ദേവിക്ഷേത്രത്തിന്റെ പുറകുവശത്തുകൂടി താഴോട്ടിറങ്ങി നടന്നു. അത്ഭുതം തന്നെ.ആകെ ഇരുട്ടു പിടിച്ച വഴി. ഒരു ചെറിയ ഇടവഴിപോലെ ആയതുകൊണ്ട് രണ്ടു ഭാഗത്തുമുള്ള മരങ്ങൾ വളർന്നു പന്തലിച്ചതിനാൽ നട്ടുച്ചയ്ക്കു പോ ലും അവിടെ സൂര്യപ്രകാശം കിട്ടാറില്ല അവിടെ മുഴുവനും പാമ്പുകളാണ്.ഹൊ! ഭയന്നു പോയി. ഞങ്ങൾ ഒരുപാട് ദൂരം നടന്നു. അവസാനം ആ പ്രതിമയുടെ അരികിലെത്തി. ഹൊ! അത്ഭുതം തന്നെ. എന്തുവലിപ്പമാണ് ആ പ്രതിമയ്ക്ക്. ആദ്യമായിട്ടാണ് ഞാൻ ഇത്രയും മനോഹരമായ ഒരു പ്രതിമ കാണുന്നത്

# വയനാടൻ പ്രദേശങ്ങൾ തേടി

സ്കൂളിൽ നിന്നും 100 ലധികം പേരടങ്ങുന്ന സംഘ മാണ് വയനാട്ടിലേക്ക് യാത്രയാരംഭിച്ചത് രണ്ട് ബസ്സുകളിലായിട്ടാണ് യാത്ര ആരംഭിച്ചത്. ഏക ദേശം പത്തരയോടെ ഞങ്ങൾ വയനാട്ടിലെത്തി പാറയുടെ മുകളിൽ നിന്നും കൊച്ചരുവികൾ ഒലി ച്ചിറങ്ങുന്നുണ്ടായിരുന്നു അവയിൽ സൂര്യരശ്മികൾ പതിക്കുമ്പോൾ അവ വൈരമുത്തുകൾ പോലെ തിളങ്ങുന്നുണ്ടായിരുന്നു. വളഞ്ഞ് പുളഞ്ഞ് പോ കുന്ന ചുരം ദൂരെ നിന്നും കാണാൻ നല്ല ഭംഗി യാണ്. ചുരത്തിന്റെ മുകൾഭാഗത്ത് നിന്നും നോക്കു മ്പോൾ താഴ്വരകൾ കാണാൻ എന്തൊരു ഭംഗി യാണ് പൂത്തുനിൽക്കുന്ന മരങ്ങൾ താഴ്വരപ്പൂക്കൾ കൊണ്ട് വിതാനിച്ചതുപോലെ തോന്നിപ്പിക്കും. തേയില തോട്ടങ്ങൾ പച്ച വിരിച്ച് നിൽക്കുന്നത് വയനാട്ടിന്റെ പ്രത്യേകതയാണ് പൂക്കോട്ട് തടാ കത്തിലെത്തിച്ചേർന്നപ്പോൾ ആ അന്തരീക്ഷവും പ്രകൃതി രമണീയതയും നമ്മെ ആകർഷിക്കുന്നു.

തടാകത്തിൽ വിരിഞ്ഞു നിൽക്കുന്ന നീലാമ്പലുകൾ അതിനെ ഹൃദ്യമാക്കുന്നു. അവിടവിടങ്ങളിലായ് കുതിരകൾ സവാരി ചെയ്യുന്നു. ആ വനാന്തരീക്ഷം പ്രകൃതിയെ കുളിർപ്പിക്കുന്നു എടക്കൽ ഗുഹയിൽ ആദിമ മനുഷ്യർ എഴുതിവച്ച വിവരങ്ങളും ചിത്രങ്ങളും ഓരൊ ഭാഗങ്ങളിലായ് കാണാം. ആ ഗുഹക്കുമുകളിൽ നിന്നു നോക്കിയാൽ വയനാടൻ പ്രദേശങ്ങൾ കാണാം. ശ്രദ്ധേയമായ ഗുഹയാണ് എടക്കൽ ഗുഹ. വീരനായ രാജാവ് പഴശ്ശിരാജ ഉറങ്ങിക്കിടന്നതും ഈമണ്ണിലാണ്. ആയുധം ശേഖരിച്ചുവച്ച മ്യൂസിയം വയനാട്ടിൽ സ്ഥിതി ചെയ്യുന്നുണ്ട് മനോഹരമായ വയനാടൻ പ്രദേശങ്ങൾ മറക്കാനാവാത്ത കാഴ്ചയാണ്.

# ഭഗവാന്റെ തിരുസന്നിധിയിലേക്ക് ഒരു യാത്ര

നമ്മൾ ശനിയാഴ്ച ഗുരുവായൂരിൽ പോകുവാൻ തീരുമാനിച്ചു. അന്ന് രാവിലെ നേരത്തെ എഴുന്നേറ്റ് പ്രഭാതക്രിയകൾ ചെയ്തു.പിന്നെ 9.30 തിന്റെ ബസ്സിൽ തന്നെ പുറപ്പെട്ടു ഞാൻ അച്ഛൻ , അമ്മ, ചേച്ചി, അമ്മൂമ. അഛന്റെ കൂട്ടുകാരനും,ഭാര്യയും,രണ്ട് കുട്ടികളും ആണ് പോകാൻ തീരുമാനിച്ചത് നമ്മൾ 10.15 ന് തന്നെ കണ്ണൂർ റയിൽവേസ്റ്റേഷനിൽ എത്തിയിരുന്നു.അവിടെ അച്ഛന്റെ കൂട്ടുകാരനും കുടുംബവും ഉണ്ടായിരുന്നു. നേരെ ട്രെയിൻ ടിക്കറ്റ് എടുക്കാൻ പോയി. വണ്ടിവന്നപ്പോൾ അതിൽ കയറി. വളരെ തിരക്കായിരുന്നു. നമ്മൾ വണ്ടി യിൽ തന്നെയിരുന്നു. കുറച്ച് സമയം യാത്ര ചെയ്ത് പിന്നെ കുറേ സ്ഥലത്ത് നിന്ന് നിന്ന് പോയി ആളുകൾ ഇറങ്ങി അപ്പോൾ നമ്മൾക്ക് ഇരി ക്കാൻ സീറ്റ് കിട്ടിയത് ജനാലയ്ക്കരികിൽ സീറ്റ് കിട്ടിയില്ലെങ്കിലും ചേച്ചിയുടെ അപ്പുറം ഇരുന്ന് സ്ഥലങ്ങളെല്ലാം കണ്ടു . പുഴകളും, തടാകങ്ങളും, വയലുകളും എല്ലാം കണ്ട് ആസ്വദിച്ചു . പാടങ്ങ ളിൽ വലിയ പുല്ലുവളർന്നു കിടക്കുന്നുണ്ടായിരുന്നു. അതിൽ വെള്ളനിറത്തിലുള്ള തുവലുപോലുള്ള ഒരു പൂവ് അത്

കാണാൻ നല്ല ഭംഗിയുണ്ട്.അങ്ങനെ സ്റ്റേഷനിൽ നിന്നപ്പോൾ ഒരു വൃത്തികെട്ട മണം വന്നു.സഹിക്കാൻ പറ്റാത്ത മണം അവിടെ നിന്ന് വണ്ടി പുറപ്പെട്ടു കുറെ സ്ഥലങ്ങൾ കടന്നുപോയി വണ്ടിയിൽ പഴം വിൽപന ചെയ്യാൻ കുറേ ആളുകൾ വന്നിരുന്നു നമ്മൾ നാരങ്ങയും ആപ്പിളും വാങ്ങിയിരുന്നു. പിന്നെ കുറെ കഴിഞ്ഞ് കുറ്റിപ്പു റത്ത് വണ്ടി നിന്ന് ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു വന്നു പിന്നെ ഗുരുവായൂരിലേക്ക് പോകുന്ന ബസ്സിൽ കയറി. അവിടെ നിന്ന് മുറി എടുത്തു. കുറെ സ്ഥലങ്ങളിൽ ചെന്ന് ഒത്തു കിട്ടിയതാണ് ഈ ഡബിൾ മുറി. അവിടെ അച്ഛ ന്റെ കൂട്ടുകാരനും നമ്മളും രണ്ട് ദിവസം അവിടെ നിന്നു. അമ്പലത്തിൽ പോകാൻ എല്ലാവരും കുളിച്ചു കുപ്പായം ഇട്ടു അമ്പലത്തിലേക്ക് പോയി അവിടെ നടയുടെ മുന്നിൽ എത്തുന്നതിനു മുൻപ് കുറെ സമയം അവിടെ നിന്നു അമ്പലത്തിന്റെ ഉള്ളിൽ എത്തിയാൽ പുറത്തുപോകാനുള്ള വഴി ഏതാണെന്ന് മനസ്സിലാകില്ല ഒരു അമ്പലത്തിൽ നിന്ന് പുറത്തുവന്നപ്പോൾ ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു പിന്നെ മുറിയിലേക്ക് പോയി. അവിടെ നിന്ന് കുറെ സംസാരിച്ച് ഉറങ്ങി. രാവിലെ തന്നെ എഴുന്നേറ്റ് അമ്പലത്തിൽ പോയി. അവിടെ കുറേ സമയം നടയുടെ മുന്നിൽ നിൽക്കുകയും ചെയ്തു തിരിച്ചുവന്ന് അച്ഛന്റെ കൂട്ടുകാരന്റെ കുട്ടിക്ക് ചോറുകൊടുക്കാൻ പോയി.

ചോറുകൊടുത്ത് വന്ന് ചന്തയിൽ പോയി വള മാല പല സാധനങ്ങളും വാങ്ങി മുറിയിൽ പോയി. തിരിച്ചു പോകാനുള്ള തയ്യാറെടുപ്പ് നടത്തി അവിടെ നിന്ന് തിരിച്ച് ബസ്സിനായിരുന്നു തിരിച്ചത് കോഴിക്കോട്ടുള്ള ബസ്സിൽ കയറി. ഉച്ചയായിരുന്നു ഭക്ഷണം കഴിച്ച് കണ്ണൂർ ബസ്സിൽ കയറി അവിടെ എത്തുമ്പോൾ 6 മണിയായിരുന്നു. പിന്നെ നമ്മൾ നെല്ലിക്കപ്പാലം ബസ്സിൽ കയറി വീട്ടിൽ എത്തി ഭക്ഷണം കഴിച്ച് ഉറങ്ങി.

# പ്രകൃതി സുന്ദരമായ യാത്ര

എനിക്ക് വളരെ സന്തോഷം തോന്നിയ ദിവസമായിരുന്നു അന്ന്. എന്താണെന്നൊ ഞങ്ങൾ ഫേമിലിയുമൊത്ത് മൂന്നാറിലേക്ക് ടൂർ പോവുകയാണ്. ആ സമയം വെക്കേഷനായതുക്കൊണ്ട് വളരെ സന്തോഷമുണ്ടായിരുന്നു. ഞങ്ങൾ രാവിലെ 7 മണിക്ക് ഇവിടുന്ന് പുറപ്പെട്ടു. ഇവിടുന്ന് കണ്ണൂർ വരെ ബസ്സിലായിരുന്നു യാത്ര.എനിക്ക് ബസിന്റെ മറുവശത്ത് ഇരിക്കാനായിരുന്നു ഇഷ്ടം പക്ഷേ വലിയതിരക്കായതിനാൽ ഇരിക്കാൻ പറ്റിയില്ല. അങ്ങനെ കണ്ണൂർ എത്തി. ഞങ്ങൾ അവിടെയിറങ്ങി 9.45 ന് മലബാർ എക്സ്പ്രസ്സ് വന്നു. ഞങ്ങൾ അതിൽ കയറി.എനിക്ക് ട്രെയിനിൽ നിന്ന് മറുവശത്താണ് സീറ്റ് കിട്ടിയത് . പക്ഷെ കുറച്ച കാഴ്ചയെ കാണാൻ കഴിഞ്ഞുള്ളൂ എന്താണെന്നൊ നമ്മൾ ബസ്സിലിരുന്ന് കാണുന്നത് പോലെ ശരിക്കുകാണാൻ കഴിയില്ല.അതിന്റെ ചു

റ്റുപാടുകൾ മാത്രമെ കാണാൻ പറ്റു.അങ്ങനെ പാലക്കാടെത്തി . മൂന്നാറിലേക്ക് ട്രെയിൻ പോവുകയില്ല. അവിടുന്ന് കാപ്പി കുടിച്ച് മൂന്നാറിലേക്ക് പോകുന്ന ബസ്സിൽ കയറി. പാലക്കാടിൽ നിന്ന് കുറെ ദൂരമുണ്ട് മൂന്നാറിലേക്ക്. അതുകൊണ്ട് തന്നെ വളരെ രസകരമായ കാഴ്ചയാണ്. മരങ്ങൾ,കുന്നുകൾ, പുഴകൾ, കെട്ടിടങ്ങൾ ഇവയൊക്കെ കാണാൻ നല്ല ഭംഗിയുണ്ട്.അവിടെ നെൽപാടങ്ങളും തെങ്ങിൻ തോപ്പുകൾ ഉണ്ട്. അവിടെ കൃഷിക്കാർ കൃഷി ചെയ്യുകയാണ്. പിന്നെ പൂന്തോട്ടങ്ങൾ കുത്തിയൊഴുകുന്ന മുല്ലപ്പെരിയാർ അണക്കെട്ട്. അവിടെ നിന്നാണ് നമ്മുടെയൊക്കെ വീട്ടിലേക്ക് വൈദ്യ തി ഉത്പാദിക്കുന്നത് ഇങ്ങനെയുള്ള അണ ക്കെട്ടിൽ നിന്നാണ്.അങ്ങനെ ആസ്വദിച്ച് മൂന്നാറിലെത്തി. അവിടെ വലിയ തിരക്കായിരുന്നു. എനിക്ക് കണ്ട സ്ഥലങ്ങളിൽ വെച്ച് ഏറെ ഇഷ്ടപ്പെട്ട സ്ഥലമാണ് മൂന്നാർ നീലക്കുറിഞ്ഞി

പൂത്തത് കാണാൻ കുറെ വിദേശികളും ടൂറിസ്റ്റുകളും ഉണ്ടായിരുന്നു. അവർ അത് ക്യാമറയിൽ പകർത്തുന്നുണ്ട്. പുല്ലു വളർന്നു നിൽക്കുന്ന മൂന്നാറിൽ നിറയെ നീലക്കുറിഞ്ഞി പൂത്തു നിൽക്കുന്നു. വയലറ്റു നിറമുള്ള കുന്നുകളാണെന്ന് ഒറ്റ നോട്ടത്തിൽ തോന്നിപ്പോകും. വംശനാശഭീഷണി നേരിടുന്ന വരയാടുകളെയും ഞങ്ങൾ അവിടെ കണ്ടു. കുന്നിലേക്ക് കയറിപ്പോകുന്ന വഴികളിൽ ചെറു ചോലകളുണ്ട്. അവയ്ക്ക് ചുറ്റും കാടുപോലെ വളർന്ന് ചെടികൾ രൂപപ്പെട്ടിരിക്കുന്നു. ഞങ്ങൾ അതി മനോഹരമായ തേയിലത്തോട്ടമാണ് പിന്നീട് കണ്ടത്. പിന്നെ അവിടത്തെ ഭാഷ നമ്മൾ ഇവിടെ സംസാരിക്കുന്ന ശൈലിയായിരുന്നില്ല. അവിടെ വിശാലമായ പ്രകൃതിയാണ്. ഈ യാത്ര എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവമാണ് സമ്മാനിച്ചത്.

# ഓർമ്മയിൽ ബഷീർ

എത്ര വർഷം പിന്നിട്ടാലും കേരളീയ മനസ്സിൽ നിന്നു പൊട്ടിപ്പോവാത്ത ഒരു കുമിളയാണ് ബഷീർ. മലയാള സാഹിത്യത്തിൽ ഇന്നേവരെയായിഒരു സുൽത്താൻ മാത്രമേ ജീവിച്ചിരുന്നിട്ടുള്ളൂ. അത് വൈക്കം മുഹമ്മദ് ബഷീറാണ്.

പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഏറ്റവും ഉദാത്തമായ ഉദാഹരണമാണ് വൈക്കം മുഹമ്മദ് ബഷീർ എന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. തന്റേതായ കഴിവിലും, ഭാഷാരീതിയിലും ശൈലിയിലും മികവുറ്റ കഥകൾ രചിച്ച ഈ സാഹിത്യകാരൻ മൺമാഞ്ഞുപോയെങ്കിലും അദ്ദേഹത്തിന്റെ വിലപ്പെട്ട ഒട്ടനേകം കഥാപാത്രങ്ങളിലൂടെ ആ അനശ്വരൻ മലയാളി മനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

വ്യത്യസ്തമായ കഥകളിലൂടെ മലയാള സാഹിത്യത്തെ സമ്പന്നമാക്കിയ ആ സുൽത്താൻ നമ്മേ വിട്ടുപിരിഞ്ഞിട്ട് പതിനഞ്ചു വർഷം പൂർത്തിയാവുന്നു.

1908 ജനുവരി 19 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ച ബഷീർ സ്വാതന്ത്ര്യസമരസേനാനി എന്ന നിലയിൽ കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം എന്നീ ജയിലുകളിൽ കിടന്നിട്ടുണ്ട്.

ലളിതമായ ഭാഷയിൽ, നാടൻ ശൈലിയിൽ ബഷീർ തീർത്ത കഥാപാത്രങ്ങൾ മലയാളികൾക്ക് എക്കാലവും സുപരിചിതമായിരിക്കും.

മജീദ്, സുഹറ, പാത്തുമ്മ, അബൂബക്കർ, മുസ്തഫ, സൈനബ, എട്ടുകാലി മമ്മൂഞ്ഞ്, ആനവാരി രാമൻ നായർ തുടങ്ങി

ഒട്ടനേകം കഥാപാത്രങ്ങളെ ബഷീർ തന്റെ തൂലികയിൽ നിന്നും ഉരുത്തിരിച്ചെടുത്തിട്ടുണ്ട്.

ബഷീറിന്റെ ആദ്യകാലരചനകൾ ഇംഗ്ലീഷിലായിരുന്നു. പിന്നീട് ബഷീർ തന്റെ പാത മലയാളത്തിലേക്ക് മാറ്റുകയായിരുന്നു. ഇതേ തുടർന്ന് കൈരളിക്ക് ലഭിച്ചത് അനുരാഗം നിറഞ്ഞതും, ചിന്തിപ്പിക്കുന്നതും രസിപ്പിക്കുന്നതുമായ ഒട്ടനേകം കഥാപാത്രങ്ങളെയുമാണ്.ഇതിനുദാഹരണമാണ് ബാല്യകാലസഖിയിലെ മജീദും സുഹറയും, മുച്ചീട്ടുകളിക്കാരന്റെ മകളിലെ സൈനബയും, മുസ്തഫയും ഒറ്റക്കണ്ണൻപോക്കറും, എട്ടുകാലി മമ്മൂഞ്ഞും.

പലപ്പോഴും തന്റെ എഴുത്തിനെ വാമൊഴിയോട് അടുപ്പിക്കാനായിരുന്നു ബഷീറിന്റെ ശ്രമം. ഏതുസമയത്തും ബഷീറിന്റെ കഥകൾ വായിക്കുമ്പോൾ നമ്മയോടു കഥപറയുന്ന പ്രതീതിയാണ്

അനുവാചകന് ലഭിക്കുക. ഈ ലാളിത്യം നിലനിർത്തിക്കൊണ്ട് വളരെ ശക്തമായ ആവിഷ്കാരങ്ങൾ അദ്ദേഹം നിർവഹിക്കുന്നതായി കാണാം.

അതിസാധാരണങ്ങളായ അനുഭവങ്ങളെ അത്ഭുതകരമായ ജീവിത സന്ധികളും, പ്രതിസന്ധികളുമാക്കി മാറ്റാൻ കഴിഞ്ഞുവെന്നുള്ളതാണ് ബഷീറെന്ന കാഥികന്റെ കലാപരമായ വിജയവും. അർത്ഥശൂന്യങ്ങളായ വാക്കുകളെ കൂട്ടിയോജിപ്പിച്ച് പുതിയ ഭാഷ ഉണ്ടാക്കാനും ബഷീറിനു കഴിഞ്ഞു. സ്വന്തം കുടുംബാംഗങ്ങളെയും, കുടുംബാന്തരീക്ഷത്തെയും പശ്ചാത്തലമാക്കിയാണ് ബഷീറിന്റെ മികവുറ്റ കഥകൾ പലതും. പണ്ടുകാലങ്ങളിൽ മുസ്ലീം സമുദായങ്ങൾക്കിടയിൽ നിലനിന്നിരുന്ന അന്തവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കാൻ അദ്ദേഹം

അക്ഷീണം പ്രയത്നിച്ചു. അവരെയൊക്കെ തന്റെ കഥകളിൽ പകർത്തുകയും ചെയ്തു. വെറുമൊരു സാഹിത്യകാരൻ മാത്രമായിരുന്നില്ല ബഷീർ. മറിച്ച് ഒരു പ്രകൃതിസ്നേഹി കൂടിയായിരുന്നു. കഥാകൃത്തുകൾ കഥയെഴുതാൻ ഏകാന്തതയായിരുന്നു ഏറെയിഷ്ടപ്പെട്ടത്. അതിനാൽ ഒരു മുറിയിൽ അടച്ചിരുന്നാണ് ഇവർ രചനകൾ പൂർത്തിയാക്കിയിരുന്നത്. എന്നാൽ ബഷീർ ഇത് പാടെമാറ്റി. പ്രകൃതിയുടെ മടിത്തട്ടിൽ ഒരു ചാരുകസേരയിൽ ചാഞ്ഞിരുന്നായിരുന്നു ബഷീറിന്റെ എഴുത്ത്. ആ പ്രകൃതി മനോഹാരിതയും, പുൽകൊടിലുകളും, മത്സ്യങ്ങളും, പക്ഷികളുമൊക്കെ ബഷീറിന്റെ കഥയിലെ കഥാപാത്രമായിരുന്നു.

പണത്തിനു വേണ്ടി മാത്രമായിരുന്നു ബഷീർ ആദ്യം എഴുതിത്തുടങ്ങിയത്. ഈ രീതി ബഷീറിന് മാറ്റേണ്ടി വന്നു. 20

വയസ്സിനുശേഷം ബഷീർ ഒട്ടനവധി സ്ഥലങ്ങൾ സഞ്ചരിക്കുകയുണ്ടായി. സഞ്ചാരപ്രിയനായ ബഷീർ തന്റെ ജീവിതത്തിൽ ഏറിയ പങ്കും യാത്രയ്ക്കായി ചെലവഴിച്ചുയെന്ന് പറയുന്നതിൽ യാതൊരു വിധ തെറ്റുമില്ല. ഈ യാത്രകളും അതിലു ണ്ടായ അനുഭവങ്ങളും പിൽക്കാലത്ത് അദ്ദേഹത്തിന്റെ കൃതികളെ ഒരുപാടു സഹായിച്ചു.

ബഷീറിന്റെ ഭൂമിയുടെ അവകാശികൾ എന്ന കൃതിയിൽ ഭൂമിയിലെ സർ വ്വചരാചരങ്ങളും ദൈവത്തിന്റെ സൃഷ്ടി യാണെന്നും, അതിനെ ദ്രോഹിക്കരുതെന്നും ബഷീർ ജനങ്ങളോടു പറയുന്നു. ബാല്യകാലസഖിയിൽ കളിക്കൂട്ടുകാരായ മജീദിന്റെയും, സുഹറയുടെയും വറ്റിപ്പോവാ ത്ത പ്രേമത്തിന്റെ അനശ്വരത കവി തന്റെ വാക്കുകളിലൂടെ ചൂണ്ടിക്കാട്ടുന്നുണ്ട്.



ബഷീറീന്റെ ജന്മം കൊണ്ടനു ഗ്രഹീതമായ തലയോലപ്പറമ്പ് ഗ്രാമം ബഷീറും കുടുംബാംഗങ്ങളും



ഓർമ്മയിൽ ഒരു നിമിഷം ബഷീറിന്റെ ഓർമ്മകൾ മകൻ അനീസ് ബഷീർ പങ്കിടുന്നു.

# ബഷീറിന്റെ സൂപ്പർ സ്റ്റാർസ്

മലയാള സാഹിത്യത്തിൽ എന്നെന്നും തിളങ്ങി നിൽക്കുന്ന അനശ്വര കഥാപാത്രങ്ങളാണ് സൂപ്പർസ്റ്റാർസ് എന്ന് ബഷീർ തന്നെ വിശേഷിപ്പിക്കുന്ന ആനവാരി രാമൻനായർ, പൊൻകുരിശുതോമ, മണ്ടൻ മുത്തപ്പ, ഒറ്റക്കണ്ണൻപോക്കർ, മൂക്കൻ, സുന്ദരി സൈനബ, ഉണ്ടക്കണ്ണനന്ത്രു,കുഞ്ഞുപ്പാത്തുമ്മ, മജീദ്, സുഹറ, പാത്തുമ്മ.......

അങ്ങനെയെത്രയെത്ര കഥാപാത്രങ്ങൾ......

തോമയ്ക്ക് പൊൻകുരിശുതോമ എന്നും രാമൻനായർക്ക് ആനവാരി രാമൻനായർ എന്നും ബഹുമതി ലഭിച്ചതിനു പിന്നിലെ കഥ രസകരമാണ്. കടുവാക്കുഴിക്കുന്ന് എന്നാണ് ഈ സ്ഥലത്തിനു നാമകരണം

ചെയ്തിരിക്കുന്നത്. സൂര്യഭഗവാനെ ആദ്യം കണ്ടുപിടിച്ചത് ഈ സ്ഥലവാസികൾ ആണ്. സ്ഥലത്തെ ബുദ്ധിജീവി മുഴയൻ നാണുവിന്റെ അഭിപ്രായത്തിൽ ഈ സ്ഥലമാണ് ലോകത്തിന്റെ നടുമധ്യം.

ഭാഷയ്ക്കുള്ളിൽ ഭാഷ സൃഷ്ടിക്കുക എന്ന അതുല്യ സർഗ്ഗവൈഭവം പ്രകടിപ്പിച്ച എഴുത്തുകാരനാണ് ബഷീർ. അദ്ദേഹം സൃഷ്ടിച്ച പദങ്ങൾ,ശൈലികൾ, കഥാപാത്രങ്ങൾ എന്നിവയൊക്കെ സൃഷ്ടാവിനെ പോലും അതിവർത്തിച്ച് നമ്മുടെ ഈ സംസ്കാരത്തിന്റെ ഭാഗമായിരിക്കുന്നു.

# കത്തുകൾ

വൈക്കം മുഹമ്മദ് ബഷീർ ബീനയ്ക്കും ഭർ ത്താവ് ബൈജു ചന്ദ്രനും അയച്ച ചില കത്തു കൾ. പ്രിയപ്പെട്ട പൊന്നമ്പള്ളീ, മംഗളം ഭവിക്കട്ടെ ; ബീനയ്ക്കും ബൈജുവിനും. ഒരുമിച്ചു ള്ള നിങ്ങളുടെ ജീവിതം ശോഭനമായിത്തീരട്ടെ.

ലേശം അസുഖത്തിലാണു ഞാൻ. കലശലായ ശ്വാസംമുട്ടൽ. കണ്ണുകളിൽ നിന്ന് ഉപ്പുവെള്ളംമാതിരി ഒരു നീറ്റൽ പു കച്ചിൽ, തണുത്ത വെള്ളം കൊണ്ടുകഴുകു മ്പോൾ സുഖം.

കറന്റ് ബുക്സിൽ ഉണ്ടായിരു ന്നതെല്ലാം അയച്ചു. കുറെ അവിടെ കാണു മല്ലോ. സാരമില്ല. പൊന്നമ്പിളി വിവരമെല്ലും അറിയിക്കുക. ബൈജുവിനെ ചോദിച്ചതായി

പറയണം. 'ബീന കണ്ടത്' പതുക്കെ വായിക്കാം. എല്ലാവർക്കും ദീർഘായുസ്സും സുഖവും നേർന്ന്കൊണ്ട വൈക്കം മുഹമ്മദ് ബഷീർ

# കാലത്തെ മറികടന്ന കഥാകാരൻ

ബഷീറിന്റെ മരണത്തെയോർത്ത് നാം തേങ്ങു
മ്പോൾ ബഷീർ മറ്റേ
ലോകത്തെ ദൈവത്തിന്റെ ഖജനാവിലൊരു ചാരു
കസേരയിൽ വളഞ്ഞു
കിടന്ന് സ്വർണ്ണ നൂലിലൂടെ ഭൂമിയിലേക്ക് നോക്കി
ചിരിക്കുന്നുണ്ടാവും.

1994 ജൂലൈ 5 ന് ഭൂമിയിൽ നിന്ന്
മാറിതാമസിച്ച ബഷീറിന്
മലയാളഭാഷയിൽ മരണമില്ല. തുഞ്ചനെപോലെ, കു
ഞ്ചനെപോലെ,ആശാനെപോലെ....... കവിയും,കാമു
കനും, ഭ്രാന്തനും ഒരുപോലെയാണെന്ന് ബഷീർ
പറഞ്ഞിട്ടില്ല.

മനുഷ്യനെ തിരിച്ചറിഞ്ഞ മനുഷ്യനായിരുന്നു ബഷീർ. ബഷീർ സാഹിത്യം മലയാള സാഹിത്യത്തിന്റെ സ്വർണ്ണവും തങ്കവും ഒളിപ്പിച്ചിരുന്ന അറയാണ്. അർത്ഥസ്വരവർണ്ണദാവരസങ്ങളുടെ അപ്പുറത്തേക്ക്, ഇവയുടെയൊക്കെ അനന്ത തീരങ്ങളിലേക്ക് ബഷീർ പോവുകയായിരുന്നു. ബഷീർ എഴുതുന്ന കാലത്ത് ജീവിതം ഒരു സമരമായിരുന്നു. പ്രണയം ഒരാദർശമായിരുന്നു. ഇന്നത്തെ മലയാളയെഴുത്തിന് ഇവ അപരിചിതമായി തീർന്നിരിക്കുന്നു. ഇന്നത്തെ നമ്മുടെ മലയാളസാഹിത്യം വായിച്ച് ബഷീർ കരയുന്നുണ്ടാവണം. ഭൂമി മലയാളത്തിലെ ജനങ്ങളുടെ

ഹൃദയം പൊളിഞ്ഞുപോയതിനെ കുറിച്ച് ബഷീർ കരയുന്നുണ്ടാവും. ബഷീറിന്റെ കവിളത്തൂടെ ഒഴുകുന്ന കണ്ണീർ ചിരിക്കുന്നുമുണ്ടാവും. മലയാള സാഹിത്യത്തിൽ ഇത്രയേറെ കഷ്ടപ്പാടനുഭവിച്ച മറ്റൊരു സാഹിത്യകാരനില്ല. ബഷീറിനു കഷ്ടപ്പാട് അനുഭവിക്കേണ്ടി വന്നപ്പോഴാണ് അദ്ദേഹത്തിനു ഭ്രാന്തു പിടിച്ചത്. അപ്പോഴാണ് ചിരിപ്പിക്കുന്നതും, ചിന്തിപ്പിക്കുന്നതുമായ കഥകൾ ഉടലെടുത്തത്.

# സ്നേഹനിധി

എന്റെ പത്തുവർഷത്തിനിടയിൽ സകൂൾ ജീവിതത്തിനിടയിൽ അദ്ധ്യാപകരിൽ നിന്നും പല അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്.മനസ്സിൽ ഇന്നും മായാതെ കിടക്കുന്ന ഒരു അനുഭവമാണ്.ഞാൻ പെരുമാച്ചേരി എ.യു.പി സ്കൂളിൽ ആറാം ക്ലാസിൽ പഠിക്കുമ്പോൾ പറശ്ശിനി സ്കൂളിൽ കലോത്സവത്തിന് പോയി.കവിത പാരായണമായിരുന്നു എന്റെ മത്സരയിനം.എന്റെ പരിപാടി വൈകീട്ടാണ് ഉണ്ടായത്.കുറേ കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാൻ ഉണ്ടായിരുന്നു.എല്ലാവരുടെയും കോഡ് നമ്പർ വിളിക്കുമ്പോൾ എന്റെ നമ്പറിനായി ഞാൻകാതോർത്തിരുന്നു.

അവസാനം എന്റെ നമ്പർ വിളിച്ചു.എന്റെ പരിപാടി കഴിഞ്ഞതിനു ശേഷം നാടകം നടക്കുന്ന വേദിയിൽ ടീച്ചറുടെ കൂടെ പോയി.നാടകം കണ്ടു കൊണ്ടിരിക്കുമ്പോൾ എനിക്ക് പെട്ടെന്ന് തലവേദന വന്നു.ഞാൻ കരയുന്നതു കണ്ട് ഒരു കുട്ടി ടീച്ചറോട് പറ ഞ്ഞു.ടീച്ചർ എന്നെ മടിയിൽ കിടത്തി.നെ റ്റിയിൽ തടവി തന്നു സമാധാനിപ്പിച്ചു.

കുടിക്കാൻ വെള്ളം തന്നു.ഒരമ്മ സ്വന്തം കുട്ടിയെ പരിചരിക്കുന്നത് പോലെയാണ് എന്നെ നോക്കിയത്.എന്നെ വീട്ടിൽ കൊണ്ടുവിട്ടതിനു ശേഷമാണ് ടീച്ചർ വീട്ടിലേക്ക് പോയത്.ആ അനുഭവവും ആ സ്നേഹനിധിയായ ടീച്ചറെയും ഞാൻ ഒരിക്കലും മറക്കില്ല.

# കണ്ടകശനി

എന്റെ സ്കൂൾജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവമാണ് ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ ഉണ്ടായത്. ഞാൻ ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ ഹരീഷ് മാഷാണ് മലയാളം അദ്ധ്യാപകൻ. പാഠം തീരാത്ത കാരണത്താൽ മാഷ് സ്പെഷ്യൽ ക്ലാസ് വെച്ചിരുന്നു. ക്ലാസ് തുടങ്ങി.ബോർഡിൽ എഴുതിയിരുന്നത് മായിച്ചുകളയാൻ ഡെസ്റ്റർ ചോദിച്ചു.ഞാൻ ഇരുന്ന ബെഞ്ചിനടിയിലായിരുന്നു ഡെസ്റ്റർ ഉണ്ടായിരുന്നത്.ഡെസ്റ്റർ ആദ്യം കണ്ടപ്പോൾ ഇത് എന്റെ കണ്ടകശനിയാണെന്ന് ഞാനറിഞ്ഞില്ല.മാഷ് കൈ കൊണ്ട് എന്നെ വിളിച്ചു. ഞാൻ വിചാരിച്ചത്

എറിഞ്ഞ് കൊടുക്കാനാ പറഞ്ഞേന്ന് . അങ്ങനെ അത് ഞാൻ മാഷിന് എറിഞ്ഞു കൊടുത്തു.മാഷ് ദേഷ്യത്തോടെ എന്നെ വിളിച്ച് രണ്ടടി തന്നു. പിന്നെ എനിക്ക് വല്ലാത്ത കുറ്റബോധം തോന്നി. അധ്യാപകരോട് ആണല്ലോ ഞാൻ അങ്ങനെ പെരുമാറിയത് .

# കരിനിഴൽ

അന്ന് ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുകയായിരുന്നു.അന്ന് ഞാൻ പതിവുപോലെ സ്കൂളിൽ ചെന്നു. സഹപാഠികളും മറ്റു കുട്ടികളും എന്നെ നോക്കുകയും ചിരിക്കുകയും എന്തൊക്കെയൊ മുറുമുറുക്കുകയും ചെയ്യുന്നതായി ഞാൻ കണ്ടു. ആദ്യം ഞാനത് കാര്യമാക്കിയില്ല. പിന്നീട് ഞാനോരോ മുറുപ്പുകൾ കേൾക്കാനി ടയായി കള്ളി....കള്ളി....എന്ന്. ഞാനാകെ പരിഭ്ര മിച്ചു.കള്ളിയെന്നോ? എന്താണിവരിങ്ങനെ പറയുന്നത് എന്ന് എനിക്ക് മനസിലായില്ല.വൈകാതെ മുറുമുറുപ്പുകൾ പരിഹാസങ്ങളായി മാറി.അവയ്ക്ക് ശബ്ദം കൂടി.എനിക്ക് സങ്കടം

വന്നു.ഇന്നേവരെ ഞാൻ എന്റെ ജീവിതത്തിൽ കളവ് ചെയ്തിട്ടില്ല. പിന്നെന്തിനാണ് ഇവരിങ്ങനെ എന്നെ കള്ളി എന്ന് വിളിക്കുന്നതോർത്ത് ഞാൻ കരഞ്ഞു.ഞാൻ കണ്ടു,ബെഞ്ചിൽ ഒരു പെൺകുട്ടി ഇരുന്ന് കരയുന്നു.വൈകാതെ എനിക്കു കാര്യം മനസ്സിലായി,അവളാണ് സൂത്രക്കാരിയെന്ന്.അന്ന് ഞാൻ സമൂഹത്തിൽ കള്ളിയായി അംഗീകരിക്കപ്പെടാൻ കാരണക്കാരി അവൾ ആണെന്നറിഞ്ഞപ്പോൾ ആ ചതിച്ചിയോട് എനിക്ക് അമർഷം തോന്നി ഘോരമായ കാക്ക കരച്ചിലുകൾ കേട്ട് അലോസരപ്പെട്ട് ഞാൻ എന്റെ ഗുരുവിന്റെ പക്കലെത്തി,കാര്യങ്ങൾ വിശദീകരിച്ചു. എന്റെ നിരപരാതിത്വം മനസ്സിലായ ടീച്ചർ യഥാർഥ കള്ളിയെ തിരശ്ശീലക്കുള്ളിൽ

നിന്നരങ്ങത്ത് കൊണ്ടുവരുകയും ഞാൻ ഒരു  നിരപരാധിയാണെന്ന് പറയുകയും ചെയ്തു.ആ ദയനീയാവസ്ഥയിൽ ഒരു വെള്ളരിപ്രാവ് പോലെ കടന്നു വന്ന ഗുരുനാഥയെ ഞാൻ ഒരിക്കലും മറക്കില്ല.

# ഓർമ്മകൾ

എനിക്ക് മറക്കാനാവാത്ത അനുഭവം ഉണ്ടായിരുന്നത് ഞാൻ നാലാം ക്ലാസിൽ പഠിക്കുമ്പോൾ ആയിരുന്നു.അത് എന്താണെന്ന് വച്ചാൽ എന്നും ഞാൻ സ്കൂളിൽ ബെല്ലടിക്കുന്നതിനുമുൻപ് തന്നെ ക്ലാസിൽ എ<u>ത്തു</u>മായിരുന്നു.പക്ഷെ ഒരു ദിവസം ഞാൻ കുറച്ചു വൈകിയാണ് ഞാൻ സ്കൂളിൽ എത്തിയത്.അതിനാൽ തന്നെ ഞാൻ പേടിച്ചു വിറച്ചു ക്ലാസിൽ എത്തി.അവിടെ നിന്ന് മാഷ് ക്ലാസ് എടുക്കുന്നുണ്ടായിരുന്നു.മാഷ് എന്നെ നോക്കി കളിയാക്കി ചിരിച്ചു.അതിനാൽ മറ്റു  കുട്ടികൾ എന്നെ നോക്കി ചിരിച്ചു. നീ എന്താടി ഇത്രയും നേരം ഉറങ്ങിപ്പോയിനോ, എന്ന്  എന്നോട്

ചോദിച്ചു.മറ്റു കുട്ടികൾ അതു കേട്ട്
അട്ടഹസിച്ചു ചിരിച്ചു.എന്നോട് ക്ലാസിൽ
കേറിയിരിക്കാൻ പറഞ്ഞു.ഞാൻ
തലകുനിച്ചിരുന്നു.പുറത്തുവിട്ടപ്പോൾ മാഷ്
എന്നെ നോക്കി ചിരിച്ചു.പക്ഷേ ഞാൻ
ചിരിച്ചില്ല.അപ്പോൾ എനിക്ക് കടുത്ത
ദേഷ്യം ആണ് വന്നത്.ഞാൻ മാഷോട്
ചിരിച്ചില്ല.കുറച്ചു കഴിഞ്ഞപ്പോൾ മാഷ്
എനിക്ക് ഒരു മിഠായി തന്നു.അതിനാൽ
എനിക്ക് വളരെ സന്തോഷമായി.ഞാൻ
ചിരിച്ചുക്കൊണ്ട് മിഠായി വാങ്ങി.ഇതാണ്
എനിക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത
അനുഭവം.

# ഓർമ്മച്ചെപ്പ്

പത്തുവർഷത്തെ സ്കൂൾ ജീവിതത്തിനിടയിൽ അറിവിന്റെ വഴികാട്ടിയായി അനേകം അധ്യാപകരെ എനിക്ക് പരിചയപ്പെടാൻ സാധിച്ചു.അതിൽ മൂന്നാം ക്ലാസിൽ പഠിച്ചിരുന്ന ഒരു അനർഘ നിമിഷത്തിൽ എന്നെ ഏറ്റവും ദുഖിപ്പിച്ചിരുന്ന അനുഭവമുണ്ടായിരുന്നു. അന്നത്തെ ക്ലാസ്സ് ടീച്ചർ ആയിരുന്ന സുധ ടീച്ചർ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടിരുന്നതും എന്നെ ഏറ്റവും ഇഷ്ടവുമുള്ള ടീച്ചർ ആയിരുന്നു.ഒരു ദിവസം ടീച്ചർ ഇംഗ്ലീഷ് പാഠഭാഗത്തോടനുബന്ധിച്ച് തന്നിരുന്ന ഗുണപാഠം ചെയ്യാതിരുന്നതിനെ തുടർന്ന് ചെയ്യാത്ത ഒരോ കുട്ടിയേയും അടിക്കാൻ തുടങ്ങി.എന്റെ അടുത്തിരുന്ന സഹപാഠിയെ അടിക്കുമ്പോൾ അവൾ അടിയെ ഭയന്ന് മാറി അങ്ങനെ ടീച്ചറുടെ അടി എനിക്ക് കൊണ്ടു.അന്ന് എനിക്ക് വളരെയധികം വിഷമം ഉണ്ടായിരുന്നു.അതുപോലെ ടീച്ചർക്കും വിഷമമുണ്ടായിരുന്നു എന്നെ അടിച്ചതിൽ.ഇത് എനിക്ക് മറക്കാൻ ആവാത്ത ഒരു അനുഭവമായി മാറിയത്.

# ഓർമ്മക്കുറിപ്പ്

ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുമ്പോൾ എന്റെ സ്കൂളിൽ പുതിയതായി ഒരു മാഷ് വന്നു.ആരേയും പേടിപ്പിക്കുന്ന രൂപമായിരുന്നു തടിച്ച്,നീളം കുറഞ്ഞ്,ചുവന്ന കണ്ണ്,ഗുണ്ടയുടെ നടത്തമായിരുന്നു.ആരും ഒന്നു പേടിക്കുന്ന രൂപം.ഒരിക്കൽ ഞാനും എന്റെ സഹപാഠിയും കളിച്ചുകൊണ്ടിരിക്കുന്നതിനിടെ ഒരു കുട്ടി കാല് തെന്നി വീണു.അവൾ പറഞ്ഞു ഞാൻ ആണ് തള്ളിയിട്ടതെന്നും ഞാൻ ഒരുപാട് തവണ പറഞ്ഞു ഞാൻ അല്ലെന്ന് ആരും വിശ്വസിച്ചില്ല.ഈ ബഹളം കേട്ട് എന്റെ പേടി സ്വപ്നമായ മാഷ് വന്നു.മാഷിനെ കണ്ടപാടെ ഞാൻ ഒന്ന് ഞെട്ടി.എന്റെ അടുത്ത് വന്നു കാര്യം ചോദിച്ചു.ഞാൻ കര ഞ്ഞുകൊണ്ട് കാര്യം പറഞ്ഞു. മാഷ് എല്ലാവരെയും വിളിച്ച് ചോദിച്ചു.എന്റെ ക്ലാസ്സിലെ ലക്ഷ്മി ആണിത് ചെയ്തത്. എല്ലാവരും എന്നെ നോക്കി.എന്റെ കരച്ചിൽ നിശ്ചലമായി.എന്നെ ഇതിൽ നിന്ന് രക്ഷിച്ച മാഷിനോട് എനിക്ക് വളരെ സ്നേഹം തോന്നി.

# വിദ്യാഭ്യാസം

വിദ്യയ്ക്കൊപ്പം പണവും വേണം
നാരായണ ജയ നാരായണ ജയ
നാരായണ ജയ നാരായണ ജയ
ഇല്ലത്തുള്ളൊരു കുട്ടിക്കല്ലോ
പണ്ടോ വിദ്യ ലഭിച്ചിട്ടുള്ളൂ
പണ്ടത്തെ വിദ്യാഭ്യസങ്ങൾ
മതവും ജാതിയുമെല്ലാം നോക്കി.
എന്നാലിന്നോ,
എന്നാലിന്നോ എല്ലാവർക്കും
വിദ്യാഭ്യാസം നേടാൻ കഴിയും
ഉയർന്ന വിദ്യാഭ്യാം നേടാൻ
പണമൊണ്ണെന്നും അത്യാവശ്യം.
അതാ,ഒരുവൻ.
കോട്ടും സൂട്ടും ടൈയുമണിഞ്ഞ്
ഉയർന്നവിദ്യകൾ നേടാൻ വേണ്ടി
തിക്കിനും തള്ളിനു മിടയിൽപ്പെട്ട്
വലിയൊരു വണ്ടീൽ ക്കേറിപ്പോയി
അങ്ങനെ,

സമ്പത്തുള്ളവരെല്ലാം കൂടി
ഇംഗ്ലീഷ് മീഡിയം പഠനം നേടി
എന്നാൽ മറ്റുള്ളവരോ
മലയാളത്തിൻ പഠനത്തിലും ബിരുദം നേടി.
പണമില്ലാത്തവരായാൽ പോലും
ഉയർന്ന ക്ലാസിൽ പഠനം നേടാൻ
മാർക്കുണ്ടായാൽ മാത്രം പോര
പണവും ഇന്നൊരു വിഷയം തന്നെ
ഇടത്തരത്തിൽ പഠനം നേടാൻ
പണമില്ലങ്കിൽ വിട്ടിലിരിക്കാം
ഉയർന്ന മാർക്കും നേടിജയിച്ചാൽ
പണമില്ലാതെ പഠിക്കാമല്ലോ
അറിവിൻ നിറകുടമാകാനല്ല
ഇന്നെല്ലാരും പഠിക്കുന്നത്
ഉയർന്നജോലി,പണസമ്പാദ്യം
എന്നാണല്ലോ ഇന്നറിവിൻ ലക്ഷ്യം
വിദ്യാഭ്യാസം ഇന്നൊരു തരത്തിൽ
പണമേഖലയായ് മാറിമറിഞ്ഞു
അറിവും  പണവും ഒരുമിച്ചില്ലേൽ
ഇന്നോ പഠനം സാധ്യവുമല്ല
നാരായണ ജയ,നാരായണ ജ

# ജീവചരിത്രം

മാതൃത്വത്തിന്റെ വിശുദ്ധിയും മഹത്വവും കവിതയിലൂടെ മലയാളിക്ക് പകർന്നുതന്ന കവയത്രിയാണ് ബാലാമണിയമ്മ.1909 ജുലൈ 19 ന് പുനയൂർകുളത്ത് നാലപ്പാട്ടു തറവാട്ടിൽ ജനിച്ചു.1930 ൽ 'കൂപ്പുകൈ' എന്ന കൃതിയുമായി മലയാള കാവ്യരംഗത്തേക്ക് കടന്നുവന്ന ബാലാമണിയമ്മ ഇതിനകം ഇരുപതോളം കവിതാസമാഹാരങ്ങൾ രചിച്ചിട്ടുണ്ട്. അമ്മ, കുടുംബിനി,സ്ത്രീഹൃദയം, പ്രഭാങ്കുരം, കളിക്കൊട്ട, മുത്തശ്ശി,മഴുവിന്റെ കഥ, വെയിലാറുമ്പോൾ,നിവേദ്യം,തുടങ്ങിയ 'മുത്തശ്ശി'ക്ക് കേരളസാഹിത്യ അക്കാദമി അവാർഡും 1963,കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും 1965,ലഭിച്ചു. ബാലാമണിയമ്മയക്ക് എഴുത്തച്ഛൻ പുരസ്കാരവും1994, വള്ളത്തോൾ പുരസ്കാരവും 1994 ൽ ലഭിക്കുകയുണ്ടായി.കവയിത്രിയുടെ തെരഞ്ഞെടുത്ത കൃതികളുടെ സമാഹാരമാണ് 'സോപാനം' . ഭാര്യ, കുടുംബിനി, അമ്മ,മുത്തശ്ശി തുടങ്ങിയവയിൽ ഒതുങ്ങുന്നു ബാലാമണിയമ്മയുടെ സ്ത്രീസങ്കൽപ്പം. വാത്സ്യല്യം കർത്തവ്യബോധം. ധർമ്മനിഷ്ഠ ഇവ മൂന്നും അവരുടെ

കവിതകളിൽ തെളിഞ്ഞു കാണുന്നു. കുടും ബാന്തരീക്ഷത്തിൽ ജീവിതത്തിന്റെ സമസ്ത സൗഭാഗ്യ ങ്ങളും ദർശിക്കുന്ന ബാലാമണിയമ്മ മാതൃത്വത്തിന് ഏറ്റവും പവിത്രമായ പദവി നലൽകുന്നു.'ആരു ഞാൻ നിന്നെ യെൻ കുഞ്ഞേ ഗഹനമാം പാരിതിൽ കാൽ വെയ്പു ശീലിപ്പിക്കാൻ' ഇപ്രകാരം മാതൃത്വത്തിന്റെ മഹത്വവും വിനീതഭാവവും ഒരേ സമയം പ്രകടമാവുന്നു.

അമ്മയുടെ മടിയിൽ കിടന്ന് ചാഞ്ചാടുന്ന ശിശുവിൽ പ്രപഞ്ച സൗന്ദര്യത്തിന്റെ തികവും മിഴിവും കാണുന്ന കവയത്രി സംതൃപ്തയാണ്."ആരുടെ കാലിൽ തറക്കുന്ന മു ള്ളുമെൻ ആത്മാവിനെ കുത്തി നോവിക്കും " എന്ന് സാനു ഭവം മുൻനിർത്തി അവർ ചിന്തിക്കു-മ്പോൾ മാതൃത്വം സാഫല്യ മടയുന്നു.പരിപക്വമായ മനസ്സിന്റെ പ്രകാശ ബിന്ദുക്കളാണ് ബാലാമണിയമ്മയുടെ ഓരോ കവിതയും .ആർഭാടമില്ല വികാരതള്ളലില്ല അതിക്ഷേപത്തിന്റെ സ്വരമില്ല ആ കവിതകളിൽ.ശുഭഹൃദയത്തിന്റെ സ്നേഹത്തു ടിപ്പുകൾ മാത്രം. വിശ്വമാകെ വ്യാപിച്ചു കിടക്കുന്ന ചൈതന്യം തന്നിലേക്ക് സ്വാംശീകരിക്കാനുള്ള ഉൽ ക്യമായ അഭിവാഞ്ജയാണ് കവയത്രിക്കുള്ളത്. തലമു റകളിലൂടെ വികസിച്ചുവന്ന സംസ്കാരത്തിന്റെ ബഹിർ സ്ഫുരണമായി അവർ ജീവിതമൂല്യങ്ങളെ കാണുന്നു.

ഭാരതീയ പുരാണോതിഹാസങ്ങൾ ബാലാമണിയമ്മ ഉത്തേജിപ്പിക്കുന്നു.

'മേവി,സൗമ്യവും ശാന്തവുമാകിയ
താവകരൂപമൊന്നു കാണാവൂ ഞാൻ !
ബുദ്ധദേവന്റെ നാട്ടുകാർവീണ്ടുമേ കത്തി.
തോക്കുകൾ കയ്യിലെടുക്കുമ്പോൾ
സാത്തികത്വം വിളഞ്ഞതാ വിന്നാടിൻ
സ്വാർത്ഥ ബീജങ്ങൾ മുറ്റും മുളച്ചപ്പോൾ,
മർത്ത്യ ദൃഷ്ടിക്കദൃശ്യങ്ങളായ് പോയോ ,
നിത്യ ദീപ്തങ്ങൾ നിൻകാൽപാടുകൾ '

ഇന്ത്യയുടെ അവസ്ഥ ചിത്രീകരിക്കുന്ന കവയത്രി പാവപ്പെട്ടവന്റെ ഗാർഹിക വേദനയും കാണുന്നുണ്ട്.

"ദാരിദ്ര്യം മങ്ങിച്ചു മജ്ഞാനം മൂടിയും
പാരമുൾക്കണ്ണിരുൾ കൊൾകയാലേ
ദാസ്വര ഗാർഹസ്ഥ്യ സൗന്ദര്യമേതുമോന്നാ
സ്വദിക്കാത്തവരായിരം പേർ"

എല്ലാ പ്രവർത്തനരംഗങ്ങളിലും ഗാന്ധിജിയാണ് അവരുടെ ആചാര്യൻ. പക്വമായ മനസ്സിന്റെ ശുദ്ധമായ നീരൊഴുക്ക്. ഈ വിശേഷണം സർവ്വഥാ യോജിക്കുന്നു ബാലാമണിയമ്മയുടെ കവിതയ്ക്ക്. സ്നേഹിക്കുക, പ്രതീക്ഷിക്കുക ഇതല്ലാതെ പ്രതിഷേധിക്കാനവർക്കറിയില്ല. മാതൃഭാവ


ത്തിന്റെ തീവ്രശുദ്ധികൊണ്ട് അതീവസമ്പന്നമായ ബാലാമണിയമ്മയുടെ കവിതകൾ ആ നിലയിൽ അവാച്യമായ ഒരനുഭൂതി വിശേഷം സൃഷ്ടിക്കുന്നു വിശിഷ്ടാംഗത്വം നൽകി കേരളസാഹിത്യ അക്കാദമി ബാലാമണിയമ്മയെ ആദരിച്ചു.

ഭർത്താവ് : വി.എം.നായർ 1977 ൽ അന്തരിച്ചു.

മക്കൾ : പരേതനായ ഡോ.മോഹൻദാസ് , സാഹിത്യകാരിയും സാമൂഹ്യ പ്രവർത്തകയുമായിരുന്ന മാധവിക്കുട്ടി ,ഡോ.ശ്യാം സുന്ദർ ,ഡോ.സുലോചന തുടങ്ങിയവർ.2004 സപ്തംബർ 29 ന് ബാലാമണിയമ്മ മലയാളികളോടും മലയാളത്തോടും വിടപറഞ്ഞു.

# ബഷീറിന്റെ ജനനം

കുഞ്ഞാച്ചുമ്മയുടെയും അബുൽറഹ്മാന്റെയും കടി ഞ്ഞൂൽ പ്രസവസന്തതിയാണ് ബഷീർ. ബഷീറിന്റെ ജനനം വളരെ സാഹസികമായ ഒന്നായിരുന്നു. ബഷീ റിന്റെ ആദ്യത്തെ വീട് ഒരു ഓലവീടായിരുന്നു. ആവീടിന്റെ അകത്തിരുന്ന് ബഷീറിന്റെ ഉമ്മ നെല്ല് പുഴുങ്ങിക്കൊണ്ടിരിക്കകയായിരുന്നു.അന്ന് അവരുടെ വയറ്റിൽ ബഷീർ ഉണ്ടായിരുന്നു. ഇതിനിടയിൽ പു രയ്ക്ക് തീ പിടിച്ചു. ബഷീറി ന്റെ ഉമ്മ പേടിച്ച് പു റത്തേക്കോടി വെള്ളമെടുത്തൊഴിച്ച് തീ അണച്ചു. ചുറ്റും പുക പടർന്നു.ആ സമയം ഉമ്മയ്ക്ക് വയറ്റിൽ അസഹ്യമായ വേദവ അനുഭവപ്പെട്ടു. വേദന കടിച്ചമർത്തി ക്കൊണ്ട് ഉമ്മ വാഴച്ചുവട്ടിലേക്കോടി. അവരുടെ



ബോധം നഷ്ടപ്പെട്ട് മോഹാലസ്യമായി വീണു. പുക ഇനിയും അടങ്ങിയിട്ടില്ലായിരുന്നു. കുറച്ച കഴിയു മ്പോൾ അവർക്ക് ബോധം തെളിഞ്ഞു. വയർ തൊട്ടു

നോക്കിയപ്പോൾ വയർ ഒഴിഞ്ഞതായി കണ്ടു. പക്ഷേ അവരുടെ കുഞ്ഞിനെ എവിടെയും കാണുന്നില്ല. അവർ ആകെ ഭയപ്പെട്ടു. വേദന കടിച്ചമർത്തി സാവധാനത്തിൽ എഴുന്നേറ്റു. പുക മൂടിയതിനാൽ ഒന്നും കാണാൻ സാധിക്കില്ലായിരുന്നു. അപ്പോൾ തൊട്ടരികിൽ നിന്ന് ഒരു ശബ്ദം കേട്ടു. അവർ ആ ഭാഗത്തേക്ക് നീങ്ങി അവിടെ മൊത്തം തപ്പിനോക്കി ആ കുട്ടിയെ വാരിയെടുത്ത് അകത്തേക്ക് നടന്നു. ഇതാണ് ബഷീറിന്റെ അതിസാഹസികമായ ജനനം.വൈക്കം മുഹമ്മദ് ബഷീറിന്റെ രചനാ ശൈലിയെപ്പറ്റി എം.ടി "ഏറ്റവും ലളിതമായ ഭാഷയാണ് ഏറ്റവും ശക്തമെന്ന് പഠിപ്പിച്ച എഴുത്തു കാരനായിരുന്നു ബഷീർ. വളരെ വർണ്ണ ശബളമായ ശൈലിയിലാണ് ബഷീർ ആദ്യമെഴുതിയത്. മിക്കവാറും ഗദ്യകവിതകൾ എന്നുപറയാവുന്ന കൃതി കളുടെ (അനർഘനിമിഷം) സമാഹാരമാണിത്. പിന്നീടദ്ദേഹം കൃതികളെഴുതാൻ തുടങ്ങിയപ്പോൾ ഭാഷാക്രമത്തിൽ ലളിതമായി വരുന്നതാണു കണ്ടത്. അദ്ദേഹത്തിന്റെ ആദ്യനോവലായ 'ബാല്യകാലസഖി'

എഴുതിത്തുടങ്ങിയത് ഇംഗ്ലീഷിലാണ്. വ്യാകരണം പഠിച്ച സഹോദരൻ ബഷീർ എഴുതിയതുവായിച്ച് ഇതിൽ എവിടെ ആഖ്യ, എവിടെ ആഖ്യാതം എന്ന് പരിഹസിച്ചതായി ഒരിക്കൽ അദ്ദേഹമെന്നോടു പറ ഞ്ഞിട്ടുണ്ട്. അർത്ഥശൂന്യങ്ങളായ വാക്കുകളെ കൂട്ടി യോജിപ്പിച്ച് പുതിയ ഭാഷയുണ്ടാക്കാനും ബഷീറിനു കഴിഞ്ഞു. ആ അനശ്വര പ്രതിഭയുടെ മരണം കൈരളിക്ക് ഇപ്പോഴും വിശ്വസിക്കാനാവാത്ത ഒന്നാണ്.

# സൗഭാഗ്യം

കാലത്തിന്റെ ഒഴുക്കിൽ
ഓളങ്ങൾ ചെന്നുതട്ടീടും
സുഖദു:ഖങ്ങൾ കലർന്ന
ഒരായിരം അനുഭവങ്ങളിൽ
ജീവിതയാത്രയിൽ ഏകയായി നീങ്ങവേ
എനിക്കുകൂട്ടായി ,എനിക്കുകുളിരായി.
വന്നുചേർന്നല്ലോ ഒരു കൊച്ചനുജൻ.
എന്നോടു പിണങ്ങാൻ
എന്നോടൊത്തു മദിക്കാൻ
വെൺചന്ദ്രക്കല തൂവുന്ന
പൊൻമുഖവുമായി...
അവനെന്നിലേ ജീവനല്ലോ
എന്നോടിണങ്ങാൻ വന്ന വികൃതിക്കുരുന്നേ..
നീ എൻ നിത്യസൗഭാഗ്യമല്ലോ...

# വേർപ്പാടിന്റെ നൊമ്പരം

അറിവിന്റെ മധുരം നാവിൽ ചുരുത്തിയ
എൻ പ്രിയ തോഴിയാം വിദ്യാലയം
കൂട്ടുക്കാരെല്ലാം ഒന്നിച്ചു ചെരുന്ന
വൃന്ദാവനം തന്നെയീ വിദ്യാലയം
വിദ്യാലയത്തിൻ പടിയിറങ്ങുമ്പോഴമെൻ
മിഴിയിൽ കണ്ണനീർ പൊഴിയവേ
ജീവിതത്തിൻ താളുകൾ മറിയുമ്പോഴും
അറിയാതെയെൻ നെഞ്ച് പിടയുന്നു.
എൻ കൂട്ടുക്കാരെന്നെ വിട്ടുപിരിയുമ്പോൾ
നോവുന്നതെന്റെയീ ലോല മനസ്സ്.
ആദ്യക്ഷരങ്ങൾ പകർന്നു നൽകിയ
ഈശ്വരതുല്യനാം എൻ പ്രിയ
ഗുരുനാഥന്മാരെല്ലാം അകലുകയാണെ-
ന്നറിഞ്ഞിട്ടും പിന്നെയും എന്തിനോ
വേണ്ടി ഞാൻ കേഴുന്നു .
വിദ്യാലയ ഓർമ്മകളുമായി എൻ മനം
ആനന്ദമായൊരു കണ്ണനീർ കടലാണ്.

# ത്യാഗിയായ കറുമ്പനും മുത്തശ്ശിയും

ഗംഗാനദിയുടെ കരയിൽ ഒരു പവപ്പെട്ട വൃദ്ധ താമസിച്ചിരുന്നു. നദി കാണാൻ വരുന്ന വഴിയാത്രക്കാർക്ക് തണുത്തവെള്ളം കൊടുത്ത് കിട്ടുന്ന പണം കൊണ്ടാണ് അവർ ജീവിച്ചിരുന്നത്. ഒരിക്കൽ പ്രതിഫലമായി ഒരു കുടുംബം അവർക്ക് നൽകിയത് ഒരു കറുത്ത തടിച്ച് കൊഴുത്ത കാളക്കിടാവിനെ ആയിരുന്നു അവർ കാളക്കുട്ടനെ മകനെ പോലെ വളർത്തി. അതിന് നല്ല ഒരു പേരും കൊടുത്തു കറുമ്പൻ.'കിഴവിയുടെ കറുമ്പൻ' എന്നാണ് നാട്ടുകാർ കൂറ്റൻ കാളയെ വിളിച്ചത്. പകൽ മുഴുവൻ മറ്റ് കാലികളുടെ കൂടെ അവൻ മേഞ്ഞ് നടക്കും കുട്ടികൾക്ക് ഏറെ പ്രിയനാണവൻ ചിലർ അവന്റെ വാലിൽ പിടിച്ച് കളിക്കും.ചിലർ മൂക്കിൽ തൊടും ഏറെ പേരും കൊമ്പിൽ സർക്കസ് നടത്തും. അനുസരണ ഉള്ള കുട്ടിയായി അവൻ നിന്ന് കൊടുക്കും. നദിക്കരയിലുള്ള എല്ലാവർക്കും നന്നായി അവനെ ഇഷ്ടപ്പെട്ടു. അലസനായി ജോലിയില്ലാതെ കഴിയാൻ കറുമ്പനു വേദനയുണ്ട്. തന്റെ വളർത്തമ്മയുടെ കഷ്ടപാട് അവനറിയാം പല ദിവസങ്ങളിലും അത് അവൻ നോക്കിനിൽക്കും ദിവസം അഞ്ഞൂറ് വണ്ടികൾ നിറയെ സാധനവുമായി ഒരു കച്ചവടക്കാരൻ നദീതീരത്ത്

വന്നിരിക്കും. ആ രാത്രിയിൽ കനത്ത മഴ പെയ്തു.ഗംഗ അൽപം കവിഞ്ഞു. പ്രഭാതത്തിൽ തന്നെ ജലമിറങ്ങി. പക്ഷെ നദിക്കരയിൽ എത്തിച്ച വണ്ടികൾ ചെളിയിൽ പുതഞ്ഞു പോയിരുന്നു. കുറേ കാളകൾ ശ്രമിച്ചു. വണ്ടി നീങ്ങിയില്ല. ബലവും ശക്തിയും ഉള്ള കാളയെ അന്വേഷിച്ചു. അപ്പോൾ കറുമ്പനെ കാളവണ്ടിക്കാരൻ അറിഞ്ഞു.ഈ കാളയെ കണ്ട് അന്വേഷിച്ചപ്പോൾ നാട്ടുകാർ പറഞ്ഞു ഇത് ഉടമസ്ഥൻ ഇല്ലാത്ത കാളയാണ് ഇതിനെ വണ്ടിക്കിട്ടോളൂ. കച്ചവട ക്കാരന് സന്തോഷം സഹിക്കാനായില്ല" "നിൽക്കൂ" കച്ചവടക്കാരൻ നിന്നു എവിടുന്നാണ് ആ ശബ്ദം കച്ചവടക്കാരൻ അമ്പരന്നു" ഞാൻ ഉടമസ്ഥനുള്ള കാളയാണ്" അർഹമായ കൂലി തന്നാൽ നിങ്ങളെ ഞാൻ സഹായിക്കാം.

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റേർസ്

സജ്‌വ സലീം

നജ ഫാത്തിമ കെ പി

ഫാത്തിമ അബ്ദുൽ കലാം

ഷഹാന ഷെറിൻ വി ടി

എഡിറ്റേർസ്

ശ്രീ ലക്ഷ്മി മനോജ്

നിരഞ്ജന എ

ഫാത്തിമ പി

ഫാത്തിമത്ത് റിഫ കെ വി

ഫാത്തിമത്തുൽ അസ്സ എൽ പി

നന്ദന സി

അസ്ന പി പി

ശദ പി പി

ഫാത്തിമത്തുൽ സഫ എം എ

ആശിഫ

അഫീഫ

ചൈതന്യ അനിൽ

ആഫിയ സി പി

ഷസ ഫാത്തിമ പി പി

ഹിബ ഫാത്തിമ